പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ T*241 — 14.3.2008-ൽ മറുപടിയ്ക്ക്

## ഫുഡ് സെക്യൂരിറ്റി മിഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.സി. വേണുഗോപാൽ<br>ശ്രീ. കെ. സുധാകരൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഫുഡ് സെക്യൂരിറ്റി മിഷൻ സംബന്ധിച്ച സ്കീമിൽ കേരളത്തിലെ ഏതെല്ലാം പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഫുഡ് സെക്യൂരിറ്റി മിഷനിൽ കേരളത്തിലെ പാലക്കാട് ജില്ലയെ നെല്ലിൽവിളയുടെ കീഴിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സ്കീം അനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് കൃഷിക്കാർക്ക് നൽകുന്നത്; | (ബി) നൂതന സാങ്കേതിക വിദ്യകളുടെ ഡെമോൺസ്ട്രേഷൻ, സങ്കരയിനം നെല്ലിന്റെ ഡെമോൺസ്ട്രേഷൻ, ഹൈബ്രിഡ് നെല്ലുല്പാദനം, സൂക്ഷ്മ മൂലകങ്ങൾക്കും, കുമ്മായത്തിനും, കീടനാശിനികൾക്കും കർഷക പരിശീലനത്തിനും മറ്റുമുള്ള സഹായം എന്നിവയാണ് പ്രധാന ആനുകൂല്യങ്ങൾ.<br>വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

(സി) ഈ പദ്ധതി മറ്റു പ്രദേശങ്ങളിൽ കൂടി വ്യാപിപിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

(സി)കേന്ദ്ര സർക്കാർ ഈ പദ്ധതി പ്രഖ്യാപിച്ചപ്പോൾ കേരളത്തെ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ വളരെയധികം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായിട്ടാണ് പാലക്കാട് ജില്ലയെ നെൽവിളയുടെ കീഴിൽ ഉൾപ്പെടുത്തിയത്. കൃഷി മന്ത്രി നേരിട്ട് തന്നെ കേന്ദ്ര കൃഷി മന്ത്രിയേയും മറ്റും കണ്ട് നിവേദനം നൽകിയിരുന്നു.ആലപ്പുഴ, തൃശ്ശൂർ ജില്ലകളെക്കൂടി ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

1) നൂതന സാങ്കേതിക വിദ്യകളുടെ ഡെമോൺസ്ട്രേഷൻ - ഒരു ഡെമോൺസ്ട്രേഷന് ഒരു ഏക്കറിന് 2,500/- രൂപ
2) സിസ്റ്റം റൈസ് ഇന്റൻസിഫിക്കേഷൻ ഡെമോൺസ്ട്രേഷൻ - ഒരു ഏക്കറിന് 3000/- രൂപ
3) ഹൈബ്രിഡ് നെല്ലിന്റെ ഡെമോൺസ്ട്രേഷൻ-ഒരു ഡെമോൺസ്ട്രേഷന് ഏക്കറിന് 3000 രൂപ

ഉദ്പാദനം

4(1) ഹൈബ്രിഡ് നെല്ല് വിത്ത്-ക്വിന്റലിന് 1000/-രൂപയോ വിത്തിന്റെ വിലയുടെ പകുതിയോ ഏതാണ് കുറവ് ആ തുക

(1) (എ) ഹൈബ്രിഡ് നെല്ല് വിത്ത് വിതരണം ക്വിന്റലിന് 2000/ രൂപയോ വിത്തിന്റെ വിലയുടെ പകുതിയോ ഏതാണ് കുറവ് ആ തുക

5. അത്യുൽപ്പാദനശേഷിയുള്ള വിത്തിന്റെ വിതരണം -ഒരു കിലോ വിത്തിന് 5 രൂപയോ വിത്തിന്റെ പകുതിയോ ഏതാണ് കുറവ് ആ തുക

6. മിനികിറ്റ് വിതരണം(അത്യുൽപ്പാദനശേഷിയുള്ള വിത്ത്)- വിത്തിന്റെ മുഴുവൻ തുകയും

7. സൂക്ഷ്മ മൂലകങ്ങൾക്കുള്ള ധനസഹായം - ഒരു ഹെക്ടറിന് 500 രൂപയോ, 50 ശതമാനമോ ഏതാണ് കുറവ് ആ തുക.

8. കുമ്മായം ചേർക്കുന്നതിനുള്ള ധനസഹായം ഒരു ഹെക്ടറിന് 500രൂപയോ, മൊത്തം തുകയുടെ പകുതിയോ ഏതാണ് കുറവ് ആ തുക

9. കോണോവീഡറിനും മറ്റ് കാർഷിക ഉപകരണങ്ങൾക്കും ഒരു കർഷകന് 3000 രൂപയോ അല്ലെങ്കിൽ പകുതി വിലയോ ഏതാണ് കുറവ് ആ തുക

10. കീടനാശിനികൾക്കും ജൈവ കീടനാശിനികൾക്കുമുള്ള സഹായം - ഒരു ഹെക്ടറിന് 500 രൂപയോ പകുതി വിലയോ ഏതാണ് കുറവ് ആ തുക

11. കർഷകർക്കുള്ള പരിശീലനം രണ്ടോ മൂന്നോ ഗ്രാമങ്ങൾക്ക് ഒരു കാർഷിക പരിശീലനം എന്ന വിധത്തിൽ ഒരു കാർഷിക പരിശീലനത്തിന് 17000 രൂപ

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

* നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 242 — 14.03.2008-ൽ മറുപടിക്ക്

**തൊഴിലാളികളുടെ മിനിമം വേതനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. വി.ജെ.തങ്കപ്പൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എ. സി. മൊയ്തീൻ<br>ശ്രീ. സാജു പോൾ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും<br>വകുപ്പു മന്ത്രി) |
| (എ) വിവിധ മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) മിനിമം വേതനം നിശ്ചയിക്കേണ്ടതായ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളിൽ വേതനം നിശ്ചയിക്കുന്നതിനും, മിനിമം വേതനം നിശ്ചയിച്ച ശേഷം 5 വർഷക്കാലാവധി ആയ മേഖലകളിൽ പുതുക്കി നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇപ്രകാരം കശുവണ്ടി വ്യവസായത്തിലും ഓയിൽ പാം വ്യവസായത്തിലും ഉള്ള തൊഴിലാളികൾക്കും മിനിമം വേതനം പുതുക്കി നിശ്ചയിച്ചു കൊണ്ടു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഖാദി വ്യവസായത്തിലും ഫാർമസ്യൂട്ടിക്കൽസ് ആന്റ് സെയിൽസ് പ്രൊമോഷൻ എംപ്ലോയിസിനും, മിനിമം വേതനം നിശ്ചയിക്കുന്നതിനും; കള്ള് ചെത്ത് മേഖല, കടകളും വാണിജ്യ സ്ഥാപനങ്ങളും, സ്വകാര്യ ആശുപത്രി, കൈത്തറി വ്യവസായം, എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രിന്റിംഗ് മേഖലയിലെ മിനിമം വേതനം പുതുക്കുന്നതിന് കമ്മിറ്റി രൂപീകരിച്ച് ഉടൻ ഉത്തരവു പുറപ്പെടുവിക്കുന്നതാണ്. ടിംബർ പ്ലൈവുഡ്, ലൈറ്റ് മോട്ടോർ വെഹിക്കിൾ, ഓടു വ്യവസായം, ആയുർവേദ അലോപ്പതി മരുന്നു വ്യാപാരം, ഓയിൽ മില്ലുകൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് വിജ്ഞാപനം മുഖാന്തിരം മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും സ്വകാര്യ തോട്ടം മേഖലയിലെ സ്റ്റാഫിന് മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ മറ്റു 17 മേഖലകളിൽ മിനിമം വേതനം പുതുക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.(ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.) |

| | |
|---|---|
| (ബി) ഏതെല്ലാം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിനാണ് സമിതികൾ രൂപീകരിച്ചിട്ടുള്ളത്; മിനിമം വേതനം പുതുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി വ്യവസായം, സെയിൽസ് പ്രോമോഷൻ ഇൻ ഫാർമസ്യൂട്ടിക്കൽസ് എന്നീ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനും കള്ളുചെത്ത് വ്യവസായം, കടകളും വാണിജ്യ സ്ഥാപനങ്ങളും, കൈത്തറി വ്യവസായം, സ്വകാര്യ ആശുപത്രികൾ എന്നീ തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രിന്റിംഗ് മേഖലയിലെ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി ഉടൻ രൂപീകരിക്കും.<br>1948 - ലെ മിനിമം വേതന നിയമമനുസരിച്ച് മിനിമം വേതനം നിശ്ചയിച്ചു കൊണ്ടുള്ള വിജ്ഞാപനത്തിന്റെ 5 വർഷ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചു വരുന്നു. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന്, ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതികൾ ഇവയാണ്.<br>1. കരടു വിജ്ഞാപനം വഴി പരാതികളും അപേക്ഷകളും ശേഖരിച്ചു മിനിമം വേജസ് അഡൈ്വസറി കമ്മിറ്റിയുടെ തീരുമാനപ്രകാരമുള്ള വിജ്ഞാപന വഴി<br>2. മിനിമം വേതന കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ |
| (സി) മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ പ്പെടാതിരിക്കുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും കുറഞ്ഞ കൂലി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന തൊഴിൽ മേഖലകളിലാണ് മിനിമം വേതന നിയമമനുസരിച്ച് കുറഞ്ഞ കൂലി നിശ്ചയിച്ചു കൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. പട്ടികയിൽപ്പെടാത്തവർക്ക് ത്രികക്ഷി ചർച്ചകളിൽ കൂടി എഗ്രിമെന്റ് ഉണ്ടാക്കി വേതനം പുനർനിർണ്ണയിക്കുന്നു. ഫെയർ വേജസ് നിയമപ്രകാരം വേതനം നിശ്ചയിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടികളാരംഭിക്കുന്നതിനു പരിഗണനയിലുള്ള തൊഴിൽ മേഖലകൾ

1. സ്വർണ്ണം/വെള്ളി ആഭരണ നിർമ്മാണ തൊഴിലാളികൾ*
2. Computer Software
3. ഗാർഹികതൊഴിലാളികൾ
4. മദ്യ വ്യവസായ വില്പന മേഖല
5. Garment industry
6. Fish processing industry
7. Rubber crepe mill
8. ഹോസ്റ്റൽ ജീവനക്കാർ
9. കുടനിർമ്മാണം
10. എൽ.പി.ജി (പാചക വാതക) ഏജൻസികൾ
11. മൈനർ എഞ്ചിനീയറിംഗ് വ്യവസായം
12. ചലച്ചിത്ര/ടെലിഫിലിം മേഖല
13. സെക്യൂരിറ്റി ജീവനക്കാർ
14. സോപ്പ് നിർമ്മാണ മേഖല
15. ഹാൻഡി ക്രാഫ്റ്റ് മേഖല
16. ലക്ഷ്വറി ഹോട്ടൽ
17. ഫർണിച്ചർ ഇൻഡസ്ട്രി

## പന്ത്രണ്ടാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 243 — 14/3/2008 ൽ മറുപടിക്ക്

'അഗ്രി അറ്റ് സ്കൂൾ'

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. പി. വിശ്വൻ<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. എ. പ്രദീപ് കുമാർ | | ശ്രീ. എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |
| എ. | യുവതലമുറയിൽ കൃഷിയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനായി സ്കൂളുകളിൽ നടപ്പിലാക്കിയ 'അഗ്രി അറ്റ് സ്കൂൾ' പദ്ധതി വിജയപ്രദമായിരുന്നോ; | എ. | കൃഷി വകുപ്പിന് കീഴിലുള്ള പച്ചക്കറി, പഴം വികസന കൗൺസിലിന്റെ (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, കേരള) ആഭിമുഖ്യത്തിൽ 2006 ജൂൺ മാസത്തിൽ ഉദ്ഘാടനം ചെയ്ത ഈ പരിപാടിയുടെ ലക്ഷ്യം യുവതലമുറയിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക എന്നതായിരുന്നു. ഇതിൽ പൊതുവെ വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി. | എത്ര സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കിയത്; | ബി. | 2006-07 വർഷത്തിൽ 14 ജില്ലകളിലായി 762 സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ വർഷത്തിലും (2007-08)പദ്ധതി നടന്നുവരുന്നു. പൂർണമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. |
| സി. | കൂടുതൽ സ്കൂളുകളിൽ അടുത്ത വർഷം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ? പദ്ധതി നടപ്പാക്കുന്നതിന് കൃഷി വകുപ്പിന്റെ പൂർണ സഹകരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി. | ജീവനക്കാരുടെ പരിമിതി ഉണ്ടെങ്കിലും അടുത്ത വർഷവും (2008-09) ഈ പദ്ധതിയിൽ താല്പര്യമുള്ള സ്കൂളുകൾക്ക് വിത്തും സാങ്കേതിക പരിശീലനവും നൽകാൻ ഉദ്ദേശിക്കുന്നതായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, കേരള അറിയിച്ചിട്ടുണ്ട്. കൃഷിവകുപ്പിന്റെ പൂർണ സഹകരണം ഉറപ്പാക്കാൻ പ്രസ്തുത വകുപ്പുമായി ആവശ്യമായ ചർച്ച നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 244 — 14.03.2008-ൽ മറുപടിയ്ക്ക്

## ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. കെ.സി. രാജഗോപാലൻ | ശ്രീ. എം.എ. ബേബി,<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| എ) ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കും, പഠന വൈകല്യം അനുഭവിക്കുന്ന കുട്ടികൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | എ) സർവ്വശിക്ഷാ അഭിയാനിൽ സംയോജിത വിദ്യാഭ്യാസ പദ്ധതി മുഖേന കഴിവിൽ വ്യത്യസ്തരായ കുട്ടികളുടെ പഠനത്തിനായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ബുദ്ധിയിൽ വ്യത്യസ്തതയുള്ള കുട്ടികളുടെയും പഠന വിഷമതയുള്ള കുട്ടികളുടെയും പഠന നിലവാരം ഉയർത്തുന്നതിനായി അദ്ധ്യാപകപരിശീലനം, പരിഹാര ബോധനക്ലാസുകൾ, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം എന്നീ പരിപാടികളും മാതാപിതാക്കൾക്ക് ആവശ്യമായ ബോധവൽക്കരണക്ലാസുകളും നൽകി വരുന്നു. കൂടാതെ ഉയർന്ന ക്ലാസുകളിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. തിരുവനന്തപുരത്തെ പാങ്ങപ്പാറയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ഹാന്റിക്യാപ്പ്ഡ് (SIMH) എന്നൊരു സ്ഥാപനവും സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. |
| ബി) ഇവർക്കായി പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ ചുമതല ആർക്കാണ്; | ബി) പാഠ്യപദ്ധതി തയ്യാറാക്കുന്ന ചുമതല എസ്.സി.ഇ.ആർ.ടി.യ്ക്കാണ്. അടുത്ത വിദ്യാഭ്യാസവർഷം പാഠ്യപദ്ധതി രൂപകല്പന ചെയ്യാൻ കഴിയുമെന്ന് കരുതുന്നു. |
| സി) ഈ വിഭാഗത്തിലുള്ള കുട്ടികൾക്കായി കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | സി) ഇപ്പോൾ പരിഗണനയിലില്ല. |

| | |
|---|---|
| (ഡി) ഇത്തരം കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് കൂടുതൽ വൈദഗ്ദ്ധ്യം നേടുന്നതിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ ? | (ഡി) ബുദ്ധിപരമായ വ്യത്യസ്തതയുള്ള കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ശാക്തീകരണത്തിനായി വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. ഭാവിയിലും കൂടുതൽ പരിപാടികൾ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -245 14.3.2008 ൽ മറുപടിക്ക്**

**റോഡുകളുടെ അറ്റകുറ്റപ്പണികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. കുഞ്ഞിരാമൻ | ശ്രീ. മോൻസ് ജോസഫ് |
| " പി.പി അബ്ദുള്ളക്കുട്ടി | (മരാമത്തുവകുപ്പു മന്ത്രി) |
| " എം. ജെ. ജേക്കബ് | |
| " ടി. പി കുഞ്ഞുണ്ണി | |
| " ജോർജ് എം തോമസ് | |

(എ) റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി ഈ സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(എ) നിരത്തുകൾ വിഭാഗത്തിൽ നടപ്പു സാമ്പത്തിക വർഷം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ നിന്ന് സാധാരണ അറ്റകുറ്റപ്പണികൾ, ഉപരിതലം പുതുക്കൽ, വെള്ളക്കെട്ടുതി പണികൾ (പ്രത്യേകതരം അറ്റകുറ്റപ്പണികൾ) എന്നിവ സമയബന്ധിതമായി പൂർത്തിയാക്കി. കൂടാതെ സർക്കാർ അനുവദിച്ച പ്രത്യേക തുക ഉപയോഗിച്ച് ശബരിമല റോഡുകളും, റവന്യൂ വകുപ്പ് അനുവദിച്ച പ്രകൃതി ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ചുള്ള അറ്റകുറ്റപ്പണികളും പൂർത്തിയാക്കിയിട്ടുണ്ട്. ദേശീയ പാതാ വിഭാഗത്തിൽ കേന്ദ്ര ഫണ്ടുപയോഗിച്ച് ഈ സാമ്പത്തിക വർഷത്തെ അറ്റകുറ്റപ്പണികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

RBDCK യുടെ കീഴിലുള്ള സീപോർട്ട് എയർപോർട്ട് റോഡിൽ ഉണ്ടായ ചെറിയ കുഴികൾ കോൺക്രീറ്റ് ഉപയോഗിച്ച് നികത്തിയിട്ടുണ്ട്. KSTP

| | |
|---|---|
| | യുടെ അധീനതയിലുള്ള റോഡുകളിലെ അറ്റകുറ്റപ്പണികൾ ക്വട്ടേഷൻ വിളിച്ച് ചെയ്തുതീർത്തിട്ടുണ്ട്. |
| (ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എന്തു തുക ചെലവായി; | (ബി) നിരത്തുകൾ വിഭാഗത്തിൽ ബഡ്ജറ്റ് അനുസരിച്ച് ചിലവാക്കിയ തുക -318.6777 കോടി രൂപ<br>ശബരിമല റോഡുകൾ -17.4296 കോടി രൂപ<br>പ്രകൃതി ദുരിതാശ്വാസ ഫണ്ട്. - 49.9272 കോടി രൂപ<br>ദേശീയ പാതാ വിഭാഗത്തിൽ-31.35 കോടി രൂപ ചിലവാകും. ഈ വർഷത്തെ പേയ്മെന്റ് എല്ലാം നടത്തിയിട്ടില്ല.<br>RBDCK - 3 ലക്ഷം രൂപ<br>KSTP - 7.04 കോടി രൂപ |
| (സി) റോഡുകളുടെ ടാറിംഗിന്റെ കനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുമൂലം കൈവരിക്കുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ; | ദേശീയ പാതകളിലും KSTP റോഡുകളിലും അന്താരാഷ്ട്ര നിലവാരത്തിലാണ് ടാറിംഗ് നടത്തി വരുന്നത്. നിരത്തുകൾ വിഭാഗത്തിൽ ടാറിംഗിന്റെ കനം വർദ്ധിപ്പിച്ച് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരികയാണ്. ടാറിന്റെ കനം വർദ്ധിപ്പിക്കുന്നതുമൂലം ഉപരിതലം ദീർഘകാലം കേടുകൂടാതെ നിലനിൽക്കുകയും അറ്റകുറ്റപ്പണികൾ കുറയുകയും സഞ്ചാരം കൂടുതൽ സുഗമമാകുകയും വാഹനങ്ങളുടെ തേയ്മാനം കുറയുകയും ചെയ്യും. |
| (ഡി) അപകടസാധ്യത കൂടുതലുള്ള പ്രദേശങ്ങളിലെ പണികൾക്കു മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഡി) അപകട സാധ്യത കൂടുതലുള്ള പ്രദേശങ്ങളിലെ പണികൾക്ക് മുൻഗണനയും അടിയന്തിര പ്രാധാന്യവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *246. 14.03.2008-ലെ മറുപടിയ്ക്ക്

"ഇ.എസ്.ഐ.ആശുപത്രികൾ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.രാഘവൻ:<br>ശ്രീ. കെ.കെ.ദിവാകരൻ:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ. എ.എം.യൂസഫ്:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ: | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| എ) ഇ.എസ്.ഐ.ആശുപത്രികളിൽ നിന്നും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭിയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) എല്ലാ ഇ.എസ്.ഐ.ആശുപത്രികളിലും അത്യാഹിത വിഭാഗ നവീകരണത്തിനായി ആവശ്യമുള്ള ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുവാൻ ആവശ്യമായ യന്ത്രോപകരണങ്ങൾ അതായത്, അനസ്തേഷ്യാ മെഷീൻ, സർജിക്കൽ ഡയാതെർമ്മി, ഷാഡോലെസ് ലാമ്പ്, പൾസ് ഓക്സിമീറ്റർ, ഡിഫിബ്രിലേറ്റർ, കാർഡിയാക് മോണിറ്റർ, ഇലക്ട്രോ സർജിക്കൽ ഡയാതെർമ്മി, ഇ.സി.ജി.മെഷീൻ, കാർഡിയാക് മോണിറ്റർ വിത്ത് ഡിഫിബ്രിലേറ്റർ, സെമി ഓട്ടോ അനലൈസർ, ഓഫ്താൽമിക് ടേബിൾ, ഓട്ടോ ക്ലേവ്, ത്രീഫോൾഡ് ലെഡ് സ്ക്രീൻ, എക്സ്-റേ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

ഇ.എസ്.ഐ.ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സ നൽകുന്നതിനുവേണ്ടി മെഡിക്കൽ അഡ്വാൻസ് അടക്കമുള്ള സാമ്പത്തിക സഹായം ചെയ്യുന്നുണ്ട്.

ഇ.എസ്.ഐ.ആശുപത്രികളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ആറര കോടി രൂപയുടെ കെട്ടിട നവീകരണ പദ്ധതിയ്ക്കായി സംസ്ഥാനത്തെ പ്രധാനപ്പെട്ട 7 ഇ.എസ്.ഐ. ആശുപത്രികൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. എഴുകോൺ, മുളങ്കുന്നത്തുകാവ്, ഒളരിക്കര, പേരൂർക്കട, ഉദ്യോഗമണ്ഡൽ, ഫെറോക്ക്, പാരിപ്പള്ളി എന്നിവയാണിവ. അവശേഷിയ്ക്കുന്ന അഞ്ച് ആശുപത്രികളുടേയും നവീകരണ പ്രവർത്തികൾ യാതൊരു സാമ്പത്തിക പരിധിയും ഇല്ലാതെ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ആലപ്പുഴ, എറണാകുളം, ഒളരിക്കര, വടവാതൂർ, പാരിപ്പള്ളി എന്നീ അഞ്ച് ആശുപത്രികൾക്കും 25 ലക്ഷം രൂപ ചെലവിട്ട് ഇദംപ്രഥമമായി ആംബുലൻസുകൾ വാങ്ങിയിട്ടുണ്ട്.

ഇ.എസ്.ഐ.ആശുപത്രികളിലെ റഫറൽ സംവിധാനങ്ങളുടെ അപര്യാപ്തത വിലയിരുത്തുകയും അവ പരിഹരിക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനുമായി സർക്കാർ അനുവദിച്ച തുക വിനിയോഗം ചെയ്ത് പുതിയ റഫറൽ രീതി ആവിഷ് ക്കരിക്കുകയും ജനുവരി 2008 മുതൽ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

ഇ.എസ്.ഐ.ആശുപത്രികളിൽ അണുബാധ തടയുന്നതിനായി 1,15,000/- രൂപ വിനിയോഗിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ഭാവിയിൽ ഉണ്ടായേക്കാവുന്ന അണുബാധ കാര്യക്ഷമമായി നേരിടുന്നതിന് ജീവനക്കാർക്ക് ബോധവൽക്കരണവും നല്കിയിട്ടുണ്ട്.

എല്ലാ ഇ.എസ്.ഐ.ആശുപത്രികളും കമ്പ്യൂട്ടർവൽക്കരിച്ച് ഗുണഭോക്താക്കൾക്ക് നൽകുന്ന സേവനങ്ങളെ സമയബന്ധിതമായി ഏകോപിപ്പിക്കുന്നതിനായി സമഗ്രമായ ഒരു പ്രൊപ്പോസൽ ഇ.എസ്.ഐ.കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്.

എഴുകോൺ, മുളങ്കുന്നത്തുകാവ് മുതലായ ഇ.എസ്.ഐ.ആശുപത്രികളിൽ ആയുർവേദ കിടത്തി ചികിത്സാ വാർഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ, പാരിപ്പള്ളി, ഉദ്യോഗമണ്ഡൽ, പാലക്കാട് എന്നീ ഇ.എസ്.ഐ. ആശുപത്രികളിൽ ഹോമിയോ കിടത്തി ചികിത്സാ വാർഡുകൾ ആരംഭിക്കുന്നതിനായി സമഗ്രമായ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ, ഒ.പി.യിൽ എത്തുന്ന രോഗികൾക്ക് ഇരിപ്പിടവും കുടിവെള്ളത്തിന്റെ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| ബി) കൂടുതൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം ഏർപ്പെടുത്തുമോ; | ബി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസിന്റെ അധികാര പരിധിയിലുള്ള 12 ഇ.എസ്.ഐ. ആശുപത്രികളിലും സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിലേതുപോലെ സ്പെഷ്യാലിറ്റി, അഡ്മിനിസ്ട്രേറ്റീവ് കേഡറുകൾ രൂപീകരണവും സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| സി) സംസ്ഥാനത്ത് പുതിയ ഇ.എസ്.ഐ.ആശുപത്രികൾ ആരംഭിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | സി) ഇല്ല. കൊല്ലത്ത് പാരിപ്പള്ളിയിൽ ഒരു ഇ.എസ്.ഐ.മെഡിക്കൽ കോളേജ് ആരംഭിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം വിഭാഗം തൊഴിലാളികളെ ഇ.എസ്.ഐ.പദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് വ്യക്തമാക്കുമോ? | ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വകാര്യ ആശുപത്രികളിലെയും ആരോഗ്യ സ്ഥാപനങ്ങളിലേയും ജീവനക്കാർക്കും ,സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇ.എസ്.ഐ.പദ്ധതി ബാധകമാക്കിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

Sushama S

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 247 — 14.3.2008 ന് മറുപടിക്ക്

### ഫിനിഷിംഗ് സ്കൂളുകൾ

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ:<br>ശ്രീ. എ.എം. ആരിഫ്:<br>ശ്രീ. എം.എം. മോനായി:<br>ശ്രീമതി. കെ.എസ്. സലീഖ:<br>ശ്രീ. വി.എൻ. വാസവൻ: | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി). |
| (എ) ഐ.ടി.ഐ./ഐ.ടി.സി. കളിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് തൊഴിൽ വൈദഗ്ധ്യം പൂർണ്ണതയിലെത്തിക്കാൻ പ്രയോജനപ്പെടുന്ന ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. ഐ.ടി.ഐ./ഐ.ടി.സി. പരിശീലനം പൂർത്തിയാക്കിയ ട്രെയിനികളെ അവരുടെ തൊഴിൽ വൈദഗ്ധ്യം പൂർണ്ണതയിലെത്തി ക്കുന്നതിനും തദ്വാര അന്താരാഷ്ട്ര തൊഴിൽ മാർക്കറ്റിലെ കിടയ മത്സരാർത്ഥികളാക്കി മാറ്റുന്നതിലേക്കുമായി എംപ്ലോയ്മെൻറ് ആന് ഫിനിഷിംഗ് സ്കൂളുകൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) സംസ്ഥാനത്തിലെ 10 ഐ.ടി.ഐ. കളിൽ എംപ്ലോയ്മെൻ ആൻറ് ഫിനിഷിംഗ് സ്കൂൾ പദ്ധതി പ്രകാരമുള്ള പരിശീലനം നൽക വരുന്നു. 2007-08 സാമ്പത്തിക വർഷത്തിൽ 200 ലക്ഷം രൂപ ഇ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി നീക്കിവച്ചിട്ടുണ്ട്. സംസ്ഥാ ത്തിലെ ഐ.ടി.ഐ. കളിൽ നിന്നും ഐ.റ്റി.സി. കളിൽ നിന്നും വിദ യിച്ചു പുറത്തു വരുന്ന പരിശീലനാർത്ഥികൾക്ക് അതാത് ട്രേഡു ളിലെ നൂതന സാങ്കേതിക പരിജ്ഞാനം നൽകി അന്താരാഷ്ട്ര ത ത്തിൽ തൊഴിലുകൾ നേടുന്നതിന് പ്രാപ്തരാക്കുകയും അവരു ആശയ വിനിമയ നിപുണത വർദ്ധിപ്പിക്കുകയും ചെയ്യുകയാണ് പ തിയുടെ പ്രധാന ഉദ്ദേശ്യങ്ങൾ. കേരളത്തിലെ വർദ്ധിച്ചുവരു തൊഴിലില്ലായ്മ ഒരു പരിധിവരെ കുറയ്ക്കാൻ ഈ പദ്ധതി സഹായക മാകും എന്ന് കരുതുന്നു.<br><br>പ്രസ്തുത പദ്ധതി ഇപ്പോൾ നടത്തിവരുന്ന ഐ.ടി.ഐ. കളുടെ വിവ ചുവടെ ചേർക്കുന്നു.<br><br>1. ഐ.ടി.ഐ. ചാക്ക<br>2. ഐ.ടി.ഐ. ചന്ദനത്തോപ്പ്<br>3. ഐ.ടി.ഐ. ചാലക്കുടി<br>4. ഐ.ടി.ഐ. മലമ്പുഴ<br>5. ഐ.ടി.ഐ. കോഴിക്കോട്<br>6. ഐ.ടി.ഐ. കണ്ണൂർ |

7. ഐ.ടി.ഐ. (വനിത) മലമ്പുഴ

8. ഐ.ടി.ഐ. (വനിത) കഴക്കൂട്ടം

9. ഐ.ടി.ഐ. കളമശ്ശേരി

10. ഐ.ടി.ഐ. അരീക്കോട്

(സി) ഐ.ടി.ഐ. കോഴ്സ് കഴിഞ്ഞ എല്ലാപേർക്കും അപ്രന്റീസ് ട്രെയിനിംഗിനായി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ല. ഐ.ടി.ഐ. കോഴ്സ് വിജയിച്ചവരിൽ, സംസ്ഥാനത്തിലെ വിവിധ റിലേറ്റഡ് ഇൻസ്ട്രക്ഷൻ സെന്ററുകളിൽ പേര് രജിസ്റ്റർ ചെയ്യുവർക്ക്, കേന്ദ്ര അപ്രന്റിസ്ഷിപ്പ് കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നോട്ടിഫൈ ചെയ്യുന്ന ട്രേഡുകളിൽ അപ്രന്റിസ് പരിശീലനം നൽകുന്നു. മറ്റുള്ളവർക്ക് ഈ സൗകര്യം ലഭ്യമല്ല.

(ഡി) തൊഴിൽ പ്രാവീണ്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും ജോബ് കാർഡും നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ: എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) ഉണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക്, അവരുടെ തൊഴിൽ വൈദഗ്ധ്യം പരിശോധിച്ച് സർട്ടിഫിക്കറ്റും ജോബ് കാർഡും നൽകുന്ന പദ്ധതി സംസ്ഥാനത്തിലെ 7 ഐ.ടി.ഐ. കളിലൂടെ നടപ്പിലാക്കി വരുന്നു. ചുവടെ പറയുന്ന ഐ.ടി.ഐ. കളിലൂടെ ഓരോന്നിനും എതിരെ കാണിച്ചിരിക്കുന്ന ട്രേഡുകൾക്കാണ് ഇപ്രകാരം സർട്ടിഫിക്കറ്റും ജോബ് കാർഡും നൽകുന്നത്.

| ഐ.ടി.ഐ. | മേഖല |
|---|---|
| 1. ഐ.ടി.ഐ. ധനുവച്ചപുരം | മേസൺ, പ്ലംബർ, കാർപ്പന്റർ, വെൽഡർ |
| 2. ഐ.ടി.ഐ. ചാക്ക | മേസൺ, ആർ.എ.സി.മെക്കാനിക്ക്, ഇലക്ട്രീഷ്യൻ |
| 3. ഐ.ടി.ഐ. ചന്ദനത്തോപ്പ് | പെയിന്റർ, ഇലക്ട്രീഷ്യൻ, വയർമാൻ |
| 4. ഐ.ടി.ഐ. കളമശ്ശേരി | ഇലക്ട്രീഷ്യൻ, വയർമാൻ, ആർ.എ.സി., മെക്കാനിക്ക് മേസൺ. |
| 5. ഐ.ടി.ഐ. കോഴിക്കോട് | ഇലക്ട്രീഷ്യൻ, കാർപ്പന്റർ |
| 6. ഐ.ടി.ഐ. മലമ്പുഴ | പ്ലംബർ, കാർപ്പന്റർ, വയർമാൻ, വെൽഡർ |
| 7. ഐ.ടി.ഐ. കണ്ണൂർ | ആർ. എ. സി. മെക്കാനിക്ക്, ഇലക്ട്രീഷ്യൻ, മേസൺ |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 248

14.03.2008-ൽ മറുപടിയ്ക്ക്

കുരുമുളക് കൃഷിയുടെ ദ്രുതവാട്ട രോഗം

ചോദ്യം

ശ്രീ. കെ. ബാബു
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

മറുപടി

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) മുൻ മലബാർ പ്രദേശത്തെ മലയോര മേഖലകളിൽ കുരുമുളക് കൃഷിക്ക് ദ്രുതവാട്ടം എന്ന രോഗം ബാധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) കുരുമുളക് കൃഷിയുടെ കേന്ദ്ര സ്ഥാനമായ പുൽപ്പള്ളിയിൽ ഈ രോഗം വ്യാപകമായി ബാധിച്ചിട്ടുണ്ടോ;

ബി) കുരുമുളക് കൃഷിക്ക് ദ്രുതവാട്ട രോഗം ബാധിച്ചിട്ടില്ല. എന്നാൽ കുരുമുളകിന്റെ താങ്ങുകാലായ മുരിക്ക് കീടബാധ മൂലം നശിച്ചതിനാൽ കുരുമുളക് കൃഷിക്ക് വ്യാപകമയ നാശം സംഭവിച്ചിട്ടുണ്ട്.

സി) ഈ രോഗം കണ്ടു തുടങ്ങിയിട്ട് എത്ര കാലമായിയെന്നും ഇതിനു പരിഹാരം കാണുവാൻ എന്തെല്ലാം ഗവേഷണങ്ങൾ നടത്തിയെന്നും വ്യക്തമാക്കുമോ;

സി) ഈ രോഗം, 1902-ൽ കേരളത്തിൽ വയനാട്ടിലാണ് ആദ്യമായി റിപ്പോർട്ട് ചെയ്തത്. ഈ രോഗത്തെപ്പറ്റി വളരെ വിശദമായ പഠനം നടന്നുവരുന്നുണ്ട്. ഇതൊരു കുമിൾ രോഗമാണ്. പ്രധാനമായും ഗവേഷണങ്ങൾ നടത്തുന്നത് രോഗ കാരണത്തെക്കുറിച്ചും, രോഗ ലക്ഷണങ്ങൾ, രോഗം വരാനുള്ള സാദ്ധ്യത, രോഗവ്യാപനം, കുമിളിന്റെ നിലനിൽപ്പ് കുമിളിന്റെ മോർഫോളജി ഇവയെക്കുറിച്ചാണ്. ഫൈറ്റോഫ്തോറ ക്യാപ്സിസി എന്ന കുമിളാണ് രോഗകാരി എന്നും കണ്ടെത്തിയിട്ടുണ്ട്. രോഗ

| | |
|---|---|
| | നിയന്ത്രണത്തിനായും, രോഗം വരാതിരിക്കുന്നതിനും ട്രൈക്കോഡെർമ എന്ന ഒരിനം കുമിളിനെ ജൈവ രോഗനിയന്ത്രണ ഉപാധിയായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. |
| ഡി) ദ്രുതവാട്ട രോഗം പിടിപെട്ട് നശിക്കുന്ന കുരുമുളക് വള്ളികൾക്ക് കൊടുത്തു വരുന്ന നഷ്ടപരിഹാരം എത്രയാണ്; | ഡി) ദ്രുതവാട്ട രോഗം മൂലം നശിച്ച കുരുമുളക് വള്ളികൾക്ക് നിലവിൽ നഷ്ടപരിഹാരം ഒന്നും നൽകുന്നില്ല. എന്നാൽ രോഗം ബാധിച്ച വള്ളികൾ മുറിച്ചു മാറ്റി പുതിയ തൈകൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്നതിന് ഹെക്ടറിന് 15,000 രൂപ നിരക്കിൽ 30 കോടി രൂപയുടെ ഒരു പദ്ധതി ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്നുണ്ട്. |
| ഇ) പ്രസ്തുത നഷ്ട പരിഹാരതുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 249 | 14-03-2008ൽ മറുപടിക്ക്

## ബ്രിട്ടീഷ് ലൈബ്രറി ഏറ്റെടുക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. വി. ശിവൻകുട്ടി:<br>ശ്രീമതി. ജെ. അരുന്ധതി:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ | ശ്രീ എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) തലസ്ഥാനത്തെ ബ്രിട്ടീഷ് ലൈബ്രറി അടച്ചുപൂട്ടാനുള്ള ബ്രിട്ടീഷ് കൗൺസിലിന്റെ തീരുമാനം തിരുത്തുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകൾ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്താമോ;<br><br>ബി) ബ്രിട്ടീഷ് ലൈബ്രറി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ) & ബി) ബ്രിട്ടീഷ് ലൈബ്രറി അടച്ചുപൂട്ടുന്ന സാഹചര്യത്തിൽ ലൈബ്രറിയുടെ പുസ്തകങ്ങളും, ജനറേറ്റർ, ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ് വെയർ എന്നിവ ഒഴികെയുള്ള മറ്റു ഫർണിച്ചറുകളും സംസ്ഥാന സർക്കാരിന് കൈമാറുന്നതിനും ലൈബ്രറിയുടെ നടത്തിപ്പു സംബന്ധിച്ച സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുന്നതിനും ബ്രിട്ടീഷ് കൗൺസിൽ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ബ്രിട്ടീഷ് കൗൺസിൽ അധികൃതരുമായി മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും ഉദ്യോഗസ്ഥരും പല തവണ ചർച്ചകൾ നടത്തുകയുണ്ടായി. |
| സി) എങ്കിൽ ഇക്കാര്യത്തിൽ ഉണ്ടാക്കിയിട്ടുള്ള ധാരണ എന്തെന്ന് വ്യക്തമാക്കുമോ;<br><br>ഡി) ലൈബ്രറിയിലെ പുസ്തകങ്ങളും, കമ്പ്യൂട്ടറുകളും, ഫർണിച്ചറും പൂർണ്ണമായും സംസ്ഥാന സർക്കാരിനു ലഭിക്കുമോ; | സി) & ഡി) ധാരണ പത്രം സംബന്ധിച്ച് അന്തിമരൂപമായിട്ടില്ല. |
| ഇ) ലൈബ്രറിയിൽ ഇപ്പോൾ എത്ര പുസ്തകങ്ങളുണ്ട്; | ഇ) ബ്രിട്ടീഷ് കൗൺസിൽ ലഭ്യമാക്കിയ കണക്കനുസരിച്ച് ലൈബ്രറിയിൽ ഏകദേശം 28000 പുസ്തകങ്ങളുണ്ട്. |
| എഫ്) ലൈബ്രറിയുടെ ഭരണച്ചുമതല ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; ബ്രിട്ടീഷ് ലൈബ്രറിയുടെ പ്രൗഢി നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിനും, ലൈബ്രറി വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | എഫ്) ഇക്കാര്യം സർക്കാർ സജീവമായി പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 250 | 14.3.2008-ൽ മറുപടിക്ക്

## സർക്കാർ സ്ക്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി:<br>ശ്രീ. പി. ജയരാജ്:<br>" കെ. കുഞ്ഞിരാമൻ:<br>" സി. എം. ദിനേശ് മണി:<br>" എം. ഹംസ: | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി) |
| എ) സർക്കാർ സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വശിക്ഷാ അഭിയാൻ, പി.ടി.എ., എം.പി., എം.എൽ.എ. പ്രാദേശിക-വികസന സമിതി എന്നിവയുടെ മേൽനോട്ടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. സ്ക്കൂൾ കെട്ടിടങ്ങൾ, മൂത്രപ്പുരകൾ, ചുറ്റുമതിൽ, ജലവിതരണപദ്ധതികൾ, ലാബുകൾ, ലൈബ്രറികൾ, കളിസ്ഥലങ്ങൾ മുതലായവ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) അടുത്ത വിദ്യാലയ വർഷം തുടങ്ങുന്നതിന് മുമ്പ് പ്രസ്തുത സ്ക്കൂളുകളുടെ അറ്റകുറ്റപ്പണികളും അടിയന്തിര നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ; | ബി) പ്രീ-കെ.ഇ.ആർ. കെട്ടിടങ്ങൾ പുതുക്കി പണിയാൻ നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് അറ്റകുറ്റപ്പണികളും അടിയന്തിര നിർമ്മാണ പ്രവർത്തനങ്ങളും അടുത്ത വിദ്യാലയ വർഷം തുടങ്ങുന്നതിനു മുൻപ് പൂർത്തിയാക്കുന്നതാണ്. |
| സി) ചുറ്റുമതിൽ ഇല്ലാത്ത സ്ക്കൂളുകളിൽ അവ കെട്ടുന്നതിന് പ്രത്യേക പരിഗണന നൽകുമോ? | സി) ചുറ്റുമതിൽ കെട്ടുന്നതിന് പ്രത്യേക പരിഗണന നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 251 14/3/2008 ൽ മറുപടിക്ക്

**സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സാജു പോൾ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീമതി കെ.കെ.ലതിക<br>ശ്രീ.എം.കെ.പുരുഷോത്തമൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.എം.എ.ബേബി<br>(ബഹു:വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങളെ 2005 മുതൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി, കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി എന്നിവയെ ഏൽപ്പിച്ചുകൊണ്ട് 2005-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. എല്ലാ സാംസ്കാരിക സ്ഥാപനങ്ങളുടെയും വിശദാംശങ്ങളും പ്രവർത്തനരീതിയും ഉൾക്കൊള്ളുന്ന ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് ഭാരത് ഭവനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, നാടൻകലാ അക്കാദമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, ബുക്ക് മാർക്ക്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരുടെ ചുമതലയിലും സഹകരണത്തിലും തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ സ്ഥലങ്ങളിൽ അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിശ്ചിത ഇടവേളകളിൽ സമ്പൂർണ്ണ യോഗം വിളിച്ച് ചർച്ച നടത്തുകയും പോരായ്മകൾ പരിഹരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. |
| ബി) സാംസ്കാരിക സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | ബി) ഉണ്ട് |

| | | | |
|---|---|---|---|
| സി) | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയാക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; | സി) | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയായി പ്രഖ്യാപിക്കുകയും മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അധിക ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും യു.ജി.സി. ശമ്പള നിരക്കുകൾ അനുവദിക്കുന്നതിനുമുള്ള ശുപാർശകൾ പരിശോധനയിലാണ്. |
| ഡി) | സാംസ്ക്കാരിക വിനോദസഞ്ചാരം, പുസ്തകമേളകൾ, തീയേറ്റർ ഫെസ്റ്റിവെൽ എന്നിവ ബഹുജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | ഡി) | സാംസ്കാരിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിനകത്തും പുറത്തുമുള്ള പ്രധാനപ്പെട്ട കലാകാരൻമാരെ ഉൾപ്പെടുത്തി ബഹുജനപങ്കാളിത്തത്തോടെ എല്ലാ വർഷവും തിരുവനന്തപുരത്ത് നിശാഗന്ധി ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഓണാഘോഷത്തോടനുബന്ധിച്ച് ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളിലും അന്യം നിന്നു പോകുന്ന തനതു കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഉൽസവം എന്ന പേരിൽ നടപ്പിലാക്കി വരുന്ന പരിപാടിയിലും ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.<br>അന്താരാഷ്ട്ര പുസ്തകോത്സവം വർഷംതോറും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബുക്ക് മാർക്ക്, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരുടെ നേതൃത്വത്തിൽ നടത്തിവരുന്നു.<br>കേരള സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ മേഖല സംസ്ഥാന ദേശീയ തലങ്ങളിൽ തീയേറ്റർ ഫെസ്റ്റിവൽ സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലകളെ തെക്കൻ, മദ്ധ്യ, ഉത്തര മേഖലകളായി തിരിച്ച് അമച്വർ നാടക മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. അതാതു മേഖലകളിലെ കലാസമിതി പ്രവർത്തകർ സാംസ്കാരിക പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി വിപുലമായ സംഘാടക സമിതി രൂപീകരിച്ചാണ് ഇത് സംഘടിപ്പിച്ചത്. |
| ഇ) | കേരളത്തിന്റെ സംസ്കാരം വിശദമാക്കുന്ന സാംസ്കാരികരേഖ പ്രസിദ്ധീകരിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ? | ഇ) | കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളെയും, അവ നടപ്പിലാക്കുന്ന വിവിധ കലാസാംസ്കാരിക പവർത്തനങ്ങളെയും പ്രതിപാദിപ്പിക്കുന്ന ഒരു റഫറൻസ് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള ചുമതല ഭാരത് ഭവനെ ഏല്പിച്ചിട്ടുണ്ട്. വിശദമായ രേഖ തയ്യാറാക്കാൻ നടപടികളെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 252

14-03-08 ൽ മറുപടിക്ക്

### എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ. വി. അബ്ദുൾഖാദർ<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ<br>ശ്രീ. കെ. സി. രാജഗോപാലൻ | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ; | എ) നിലവിൽ തൃശ്ശൂർ രാമവർമ്മപുരത്തുള്ള കേരള പോലീസ് അക്കാദമിയിൽ പരിശീലനം നല്കി വരുന്നു. |
| ബി) എന്തെല്ലാം കാര്യങ്ങളിലാണ് പരിശീലനം നൽകുന്നത് ; | ബി) കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഔട്ട്ഡോർ പരിശീലനവും, നിയമ പരിജ്ഞാനത്തിനും വ്യക്തിത്വവികാസത്തിനുമുള്ള ഇൻഡോർ പരിശീലനവും നൽകിവരുന്നു. |
| സി) എക്സൈസ് ഗാർഡുകൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും തോക്കും മറ്റ് ആയുധങ്ങളും നൽകുന്നുണ്ടോ ; വ്യാജ കള്ള് കണ്ടുപിടിക്കുന്നതിന് എന്തു സംവിധാനമാണ് ഉള്ളത് ; ഇത് തൃപ്തികരമാണോ ; | സി) എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികതൊട്ട് മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് റിവോൾവർ / പിസ്റ്റൾ അനുവദിച്ചിട്ടുണ്ട്. മറ്റ് ആയുധങ്ങളൊന്നും നല്കിയിട്ടില്ല. കള്ള് ഷാപ്പുകളിൽ നിന്നും ശേഖരിക്കുന്ന കള്ളിന്റെ സാമ്പിൾ രാസപരിശോധനയ്ക്ക് വിധേയമാക്കി കെമിക്കൽ എക്സാമിനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ഇത് തൃപ്തികരമാണ്. |
| ഡി) തൃശ്ശൂർ എക്സൈസ് അക്കാദമിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ? | ഡി) എക്സൈസ് അക്കാദമിയുടെ ഭരണവിഭാഗം പ്രവർത്തനമാരംഭിക്കുകയും നിലവിൽ പോലീസ് അക്കാദമിയിൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന പരിശീലനം സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 253 — 14-03-08 -ൽ മറുപടിക്ക്.

## വ്യാജമദ്യം

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം. ഹംസ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വ്യാജമദ്യത്തിന്റെ ഉല്പാദനവും, വിതരണവും തടയുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) ഓരോ ജില്ലയിലും അതാത് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ ചുമതലയിൽ ഓരോ താലൂക്കിലും താലൂക്കതല കൺട്രോൾ റൂമുകളും പ്രവർത്തിച്ചു വരുന്നു. ഓരോ ജില്ലയിലും എക്സൈസ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ 2 സ്ട്രൈക്കിംഗ് ഫോഴ്സ് പ്രവർത്തിച്ചു വരുന്നു. വ്യാജമദ്യത്തിന്റെ ഉല്പാദനം, വിതരണം, വില്പന സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് ഇൻറലിജൻസ് ടീം രൂപീകരിച്ചിട്ടുണ്ട്. വ്യാജമദ്യത്തിന്റെ കടന്നുവരവ് തടസ്സപ്പെടുത്തുന്നതിന് അതിർത്തി പ്രദേശങ്ങളിൽ പട്രോളിംഗ് ശക്തമാക്കുകയും വാഹന പരിശോധന കർശനമായി നടത്തി വരുകയും ചെയ്യുന്നു. വ്യാജമദ്യം സംബന്ധിച്ച് വിവരം ലഭിക്കുന്നതിനായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും എം.എൽ.എ. ചെയർമാനായി നിയോജക മണ്ഡല തലത്തിലും പഞ്ചായത്ത് അടിസ്ഥാനമാക്കി ജനകീയ കമ്മിറ്റികളും പ്രവർത്തിച്ചു വരുന്നു. കള്ളുഷാപ്പുകളിൽ കള്ള് തന്നെ വില്പന നടത്തുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് കള്ളിന്റെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഫലമായി വ്യാജ മദ്യം തടയുന്ന കാര്യത്തിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്; | (ബി) | മേൽ പ്രസ്താവിച്ച നടപടികളുടെ ഫലമായി കൂടുതൽ കേസുകൾ കണ്ടുപിടിക്കുന്നതിനും പൊതുജനങ്ങളുടെ നല്ല സഹകരണത്തോടെ വ്യാജമദ്യ ലോബിയെ ശക്തമായി നേരിടുന്നതിനും സാധിക്കുന്നു. |
| (സി) | സ്പിരിറ്റ് കേസ്സുകളുടേയും, വ്യാജമദ്യക്കേസുകളുടേയും അന്വേഷണം കാര്യക്ഷമമാക്കുന്നതിന് എക്സൈസ്, പോലീസ് വകുപ്പുകൾ യോജിച്ചു പ്രവർത്തിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | കൂടുതൽ പ്രശ്നാധിഷ്ഠിത മേഖലകളിൽ പോലീസിന്റെ സഹായം തേടാറുണ്ട്. ഉത്സവ കാലങ്ങളിൽ പോലീസ്, റവന്യൂ, ഫോറസ്റ്റ് എന്നീ വകുപ്പുകളുമായി സഹകരിച്ച് റെയ്ഡുകൾ നടത്താറുണ്ട്. 2007-ലെ ആവണീശ്വരം മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ പോലീസാണ് അന്വേഷിക്കുന്നത്. |
| (ഡി) | വ്യാജ സ്പിരിറ്റ് കേസുകളുടെ മേൽനോട്ടത്തിന് പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | ഉണ്ട്. 500 ലിറ്ററിൽ കൂടുതൽ സ്പിരിറ്റ് ഉൾപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് എക്സൈസ് കമ്മീഷണറുടെ 24-01-08-ലെ എക്സ് എ 3-22498/07 നമ്പർ ഉത്തരവിൻ പ്രകാരം കേരള സ്റ്റേറ്റ് എക്സൈസ് ഇല്ലിസിറ്റ് സ്പിരിറ്റ് ക്രൈം മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ടി സെല്ലിന്റെ തലവനായി അഡീഷണൽ എക്സൈസ് കമ്മീഷണറെ നിയോഗിക്കുകയും അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ, തെക്കൻ മേഖല എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ, മദ്ധ്യമേഖല എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ, വടക്കൻ മേഖല എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളായി, ദക്ഷിണ മേഖല എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അസി. എക്സൈസ് കമ്മീഷണർ, മദ്ധ്യമേഖല എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അസി. എക്സൈസ് കമ്മീഷണർ, ഉത്തര മേഖല |

എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അസി. എക്സൈസ് കമ്മീഷണർ എന്നിവരെ ഈ സെല്ലിന്റെ പ്രവർത്തനവും, പുരോഗമനവും, വിലയിരുത്തുന്നതിനും നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ രണ്ടാഴ്ചകളിലും ഇതിന്റെ പുരോഗതിയെപ്പറ്റി പുനരവലോകനം ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രധാന അബ്കാരി കേസുകളുടെ അന്വേഷണം നടത്തുന്നതിനായി ഓരോ ടീമിനെ മൂന്നു മേഖലകളിലും എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അസി. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ നിയോഗിച്ചിട്ടുണ്ട്. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം വാണിജ്യ നികുതി വകുപ്പും, മോട്ടോർ വാഹന വകുപ്പും, ഫോറൻസിക് ലാബും, കെമിക്കൽ എക്സാമിനേഴ്സ് ലാബും സംയോജിപ്പിച്ച് അന്തർ സംസ്ഥാന സ്പിരിറ്റ് കടത്തും, വിപണനവും തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എക്സൈസ് കമ്മീഷണറുടെ എക്സ് എ 3-22498/07 തീയതി 25-02-08 ഉത്തരവ് പ്രകാരം എക്സൈസ് വിജിലൻസ് ഓഫീസറെയും എക്സൈസ് ലോ ഓഫീസറെയും കൂടി ടി സെല്ലിൽ അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 254

14.03.2006-ൽ മറുപടിയ്ക്ക്

കാർഷികോൽപ്പന്നങ്ങളുടെ വിലസ്ഥിരത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. പി. ജയരാജൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷികോൽപ്പന്നങ്ങൾക്ക് വിലസ്ഥിരതാ ഫണ്ട് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) ഉണ്ട്. ഉദാരീകരണ നയങ്ങൾ കാർഷിക മേഖലയുടെ സുസ്ഥിരത തകർക്കുന്നത് തടയാനും കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരതയ്ക്കുമായി ഒരു വില സ്ഥിരതാ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) ഏതെല്ലാം കാർഷികോൽപ്പന്നങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്; ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; | ബി) കേരളത്തിലെ പ്രധാന കാർഷികോൽപ്പന്നങ്ങളെ എല്ലാം തന്നെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br>വിപണിയിൽ ഇടപെടുന്നതിനും ഉൽപ്പന്നങ്ങളുടെ വില ക്രമീകരിക്കുന്നതിനും കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തം അനിവാര്യമാണ്. ഇക്കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| സി) വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം വിളനാശം നേരിടുന്ന എല്ലാ കർഷകർക്കും ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി) പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷി നാശത്തിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭങ്ങൾ മൂലമോ രോഗകീടങ്ങളുടെ ആക്രമണം മൂലമോ പ്രഖ്യാപിത വിളകൾക്ക് |

ഉണ്ടാകുന്ന ഉൽപ്പാദന നഷ്ടത്തിന് ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും വിള ഇൻഷ്വർ ചെയ്ത അർഹരായ എല്ലാ കർഷകർക്കും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ആനുകൂല്യം / നഷ്ടപരിഹാരം ലഭിക്കുന്നതാണ്.

ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്ന എല്ലാ കർഷകർക്കും ആനുകൂല്യം ലഭിക്കും. ഈ ഗവൺമെന്റ് നെൽ കർഷകർക്കുള്ള ഇൻഷ്വറൻസ് പ്രീമിയം കുറച്ചുകൊണ്ടും ആനുകൂല്യം ഇരട്ടിയാക്കികൊണ്ടും ഉത്തരവിറക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. *255

14..03..2008-ൽ മറുപടിയ്ക്ക്

## പാഡി ബോർഡ്

ചോദ്യം

മറുപടി

| ശ്രീ. വി. സുരേന്ദ്രൻ പിള്ള | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പാഡി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ബോർഡിന്റെ രൂപീകരണത്തേയും പ്രവർത്തനരീതികളേയും കുറിച്ച് വിശദമാക്കുമോ? | (ബി) സംസ്ഥാനത്ത് നെൽകൃഷി സംരക്ഷണവും പരിപോഷണവും ലക്ഷ്യമാക്കി കൂടുതൽ കർഷകരെ നെൽകൃഷി മേഖലയിലേക്ക് കൊണ്ടുവരുന്നതിനും, നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഒരു സംസ്ഥാനതല ഉന്നതാധികാര സമിതി 'പാഡിബോർഡ്'' എന്ന പേരിൽ 12..02..08 -ലെ സ.ഉ(എം.എസ്)26/08/കൃഷി പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പാഡിബോർഡ് താഴെ പറയുന്ന പ്രവർത്തനങ്ങളിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക.<br>(1) സംസ്ഥാനത്തെ നെല്ലുൽപാദനം ക്രമാനുഗതമായി വർദ്ധിപ്പിക്കുന്നതിന് സഹായകരമായി വിവിധ പരിപാടികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുക.<br>(2) വ്യക്തമായ ഉൽപാദന ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും അവ നേടിയെടുക്കുന്നതിന് വിവിധ ഏജൻസികളെ പ്രാപ്തരാക്കുകയും ചെയ്യുക.<br>(3) നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിന് അനുപേക്ഷണീയമായ നല്ലയിനം വിത്തുകൾ, വളങ്ങൾ, മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ, ജലസേചനം ഉചിതമായ യന്ത്രങ്ങൾ, ധനസഹായം എന്നിവ യഥാസമയം ലഭ്യമാവുന്നു എന്ന് ഉറപ്പ് വരുത്തുക. |

| | |
|---|---|
| | (4) ഈ ലക്ഷ്യം നേടുന്നതിന് സംസ്ഥാന/കേന്ദ്രസർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും സഹായവും ഉപദേശവും കാലോചിതമായി ലഭ്യമാക്കുക.<br>(5) നെല്ലുൽപ്പാദനത്തെക്കുറിച്ചുള്ള കണക്കുകളും മറ്റു വിവരങ്ങളും സ്വതന്ത്രമായി ശേഖരിക്കുകയും അവ മെച്ചപ്പെട്ട ആസുത്രണത്തിനും പദ്ധതി നിർവ്വഹണത്തിനും പ്രയോജനപ്പെടുത്തുകയും ചെയ്യുക.<br>(6) ദീർഘവീക്ഷണത്തടെയുള്ള നെല്ലുൽപ്പാദന പ്ലാൻ തയ്യാറാക്കുകയു പ്രദേശികമായ സവിശേഷതകൾ കണ ക്കിലെടുത്ത് അത് നടപ്പാക്കുന്നതിന് കൃഷി വകുപ്പിനും കാർഷിക സർവ്വക ലാശാലയ്ക്കും മറ്റ് ഏജൻസികൾക്കു മാർഗ്ഗ നിർദ്ദേശം നൽകുക.<br>(7) നിലവിലുള്ള നെൽവികസന ഏജൻസികളുടെ പ്രവർത്തനങ്ങളെ ക്രോഡീകരിക്കുകയും സംസ്ഥാനത്തിന്റെ പൊതുലക്ഷ്യങ്ങൾ നേടുന്നതിനായി അവയെ സജ്ജമാക്കുകയും ചെയ്യുക. കാലാകാലങ്ങളിൽ അവയുടെ പ്രവർത്തനം വിലയിരുത്തുക.<br>(8) പ്രദേശിക സവിശേഷതകൾ കണക്കിലെടുത്ത് വിവിധയിനം നെല്ലിന്റെ/അരിയുടെ മൂല്യവർദ്ധിത വിപണനവും ഉപോൽപ്പന്നങ്ങളുടെ പ്രചരണവും പ്രോത്സാഹിപ്പിക്കുക..<br>പാഡീബോർഡിന്റെ ഘടന ചുവടെ ചേർക്കുന്നു.<br>1) കൃഷി മന്ത്രി അദ്ധ്യക്ഷൻ<br>2) കാർഷികോൽപാദന കമ്മീഷണർ ഉപാദ്ധ്യക്ഷൻ<br>3)ധനകാര്യ വകുപ്പ് സെക്രട്ടറി അംഗം<br>4) ജലസേചന വകുപ്പ് സെക്രട്ടറി അംഗം<br>5) റവന്യൂ വകുപ്പ് സെക്രട്ടറി അംഗം<br>6) കൃഷി വകുപ്പ് സെക്രട്ടറി അംഗം<br>7)കൃഷി വകുപ്പ് ഡയറക്ടർ സെക്രട്ടറി<br>8) കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ അംഗം<br>9) അസോസിയേറ്റ് ഡയറക്ടർ ആർ.എ.ആർ.എസ്. പട്ടാമ്പി അംഗം |

| | |
|---|---|
| | 10) ആലപ്പുഴ, തൃശൂർ, പാലക്കാട് ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ അംഗങ്ങൾ<br>11) നിലവിലുള്ള നെൽവികസന ഏജൻസികളുടെ ചെയർമാൻമാർ/ വൈസ് ചെയർമാൻമാർ അംഗങ്ങൾ<br>12) മൂന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ അംഗങ്ങൾ<br>13) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 3 കാർഷിക പ്രതിനിധികൾ അംഗങ്ങൾ<br><br>സംസ്ഥാന കേന്ദ്ര ഗവൺമെന്റുകളുടെ വിവിധ പദ്ധതികൾ സംയോജിപ്പിച്ച്, സംസ്ഥാനത്തിന്റെ നെല്ലുൽപാദനം, വർദ്ധിപ്പിക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി അംഗീകരിച്ച് നടപ്പിലാക്കുകയെന്നതാണ് പാഡീബോർഡിന്റെ ലക്ഷ്യം. |

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 256 14/3/2008 ൽ മറുപടിക്ക്

## അവശകലാകാരൻമാർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ. വി. കുഞ്ഞിരാമൻ<br>ശ്രീ.എ. സി. മൊയ്തീൻ<br>ശ്രീ.എ. എം. യൂസഫ്<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ.എം.എ.ബേബി<br>(ബഹു:വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) അവശകലാകാരൻമാർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇപ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ അവശരായ കലാകാരന്മാർക്ക് നൽകി വന്നിരുന്ന പെൻഷൻ 7/2007 മുതൽ 550/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ അവശരായ കലാകാരന്മാർക്ക് ചികിത്സാ ധനസഹായമായി, ബന്ധപ്പെട്ട അക്കാദമികളുടെ ശുപാർശ പ്രകാരം പരമാവധി 10,000/- രൂപ വരെ നൽകുന്നുണ്ട്. |
| ബി) കലാകാരൻമാർക്ക് ക്ഷേമനിധി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) ഉണ്ട്. ഇതിന്റെ ഭാഗമായി 'കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി' എന്ന പേരിൽ ഒരു ക്ഷേമനിധി രൂപീകരിക്കുന്നതു സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിനുവേണ്ടി ചലച്ചിത്ര അക്കാദമി സെക്രട്ടറി കൺവീനറായി ഒരു സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| സി) സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന ഏതെങ്കിലും കലാകാരൻമാർക്ക് ഈ സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; | സി) രോഗപീഢയാൽ കഷ്ടപ്പെടുകയും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുകയും ചെയ്യുന്ന കലാകാരന്മാർക്ക് വിവിധ അക്കാദമികളുടെ ശുപാർശ പ്രകാരം ചികിത്സയ്ക്കായി സാമ്പത്തികസഹായം നൽകിയിട്ടുണ്ട്. അതുപോലെ കഴിവ് തെളിയിച്ച നിർദ്ധനരായ കലാകാരന്മാർക്കും സാമ്പത്തികസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

— — — — —

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 257 14/03/ 2008 ൽ മറുപടിക്ക്

## സർക്കാർ, എയിഡഡ് സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ് | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും<br>സാംസ്കാരിക കാര്യവും വകുപ്പ്<br>മന്ത്രി |
| എ. സംസ്ഥാനത്ത് ഈ വർഷം സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ എത്രയാണ് ; | എ) ഉണ്ട് . 2006-07 വർഷത്തെ അപേക്ഷിച്ച് ഈ വർഷം (2007-08) സർക്കാർ വിദ്യാലയങ്ങളിൽ 48191 വിദ്യാർത്ഥികളുടെയും എയിഡഡ് വിദ്യാലയങ്ങളിൽ 47250 വിദ്യാർത്ഥികളുടെയും കുറവ് വന്നിട്ടുണ്ട്. |
| ബി. ഏതെങ്കിലും ജില്ലയിൽ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ ; | ബി) ഇല്ല |
| സി. പ്രസ്തുത വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതിനുള്ള കാരണം എന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ? | സി) ഇതു സംബന്ധിച്ച് സർക്കാർ പ്രത്യേകിച്ച് പഠനമൊന്നും നടത്തിയിട്ടില്ല. എന്നിരുന്നാലും പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.<br>1. കേരളത്തിലെ ജനനനിരക്കും ജനസംഖ്യാ വളർച്ചാ നിരക്കും ക്രമാനുഗതമായി കുറഞ്ഞു കൊണ്ടിരിക്കുകയാണ്. അതിനാൽ സ്ക്കൂൾ വയസ്സിലുള്ള കുട്ടികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു.<br>2. സർക്കാർ / എയിഡഡ് സ്ക്കൂളുകളുടെ അടുത്തായി ചില അൺഎയിഡഡ് സ്ക്കൂളുകൾ ഉള്ളതിനാലും രക്ഷിതാക്കൾക്ക് ഇത്തരം സ്ഥാപനങ്ങളെ പറ്റി തെറ്റായ വിദ്യാഭ്യാസ സങ്കൽപ്പമുള്ളതിനാലും സർക്കാർ/ എയിഡഡ് സ്ക്കൂളുകളിൽ കുട്ടികൾ കുറയുന്നുണ്ട്. |

ഇത് പരിഹരിക്കുവാൻ വേണ്ടി സർക്കാർ/ എയിഡഡ് സ്കൂളുകളുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാനും എസ്.എസ്.എയുടെ സഹായത്തോടെ ഭൗതീക സാഹചര്യം മികവുറ്റതാക്കാനും പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം രക്ഷിതാക്കളെ ബോദ്ധ്യപ്പെടുത്താനുമുള്ള വൈവിദ്ധ്യമാർന്ന ശ്രമങ്ങൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നം: 258 | 14.03.2008 ന് മറുപടിക്ക്

## ചിത്രാഞ്ജലി സ്റ്റുഡിയോ

**ചോദ്യം**

ശ്രീ. എം.പ്രകാശൻ മാസ്റ്റർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. ശിവൻകുട്ടി:
ശ്രീ.കെ. ടി.ജലീൽ:
ശ്രീ. പി. വിശ്വൻ:

(എ) ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ. എം.എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

(എ) ചിത്രാഞ്ജലി സ്റ്റുഡിയോയുടെ ലബോറട്ടറിയുടേയും റിക്കാർഡിംഗ് തിയേറ്ററിന്റേയും നവീകരണ ശ്രമങ്ങളുടെ ഭാഗമായി ലബോറട്ടറിയിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കളർ ഫിലിം അനലൈസർ അപ്ഗ്രഡേഷൻകിറ്റ് വാങ്ങിയിട്ടുണ്ട്. കൂടാതെ ഫിലിം പ്രിന്ററിൽ ഇലക്ട്രോണിക്സ് ലൈറ്റ് വാൽവുകളും അനുബന്ധ നിയന്ത്രണ സർക്യൂട്ടുകളും ഇതോടൊപ്പം സ്ഥാപിക്കുന്നതാണ്. റിക്കാർഡിംഗ് തിയേറ്ററിൽ ഡി.ടി.എസ് ശബ്ദമിശ്രണത്തിനുള്ള ഉപകരണങ്ങൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ചിത്രാഞ്ജലി സ്റ്റുഡിയോയുടെ വിസ്തൃതമായ വളപ്പ് പൂച്ചെടികളും മറ്റ് അലങ്കാരച്ചെടികളും വൃക്ഷങ്ങളും വച്ച് പിടിപ്പിച്ച് മോടിയാക്കുന്നതിനുള്ള പദ്ധതിയുണ്ട്. ഷൂട്ടിംഗ് ആവശ്യങ്ങൾക്കായി നാനാവിധമായ സെറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വില്ലേജ് ഹൗസ് പണി പൂർത്തീകരിച്ച് ഷൂട്ടിംഗിന് കൊടുത്തു തുടങ്ങി. ടെലിസ്കോപ്പ് ടവ്വറിന്റെ പണി നടന്നു കൊണ്ടിരിക്കുകയാണ്. തൂക്കുപാലം അടക്കമുള്ള മറ്റു സെറ്റുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ചില

| | | | |
|---|---|---|---|
| | | | ചിത്ര സംബന്ധമായ പ്രവർത്തനങ്ങൾക്കെത്തുന്നവരുടെ താമസ സൗകര്യത്തിനായി കൂടുതൽ മുറികൾ സജ്ജമാക്കികഴിഞ്ഞു. ഷൂട്ടിംഗ് ആവശ്യങ്ങൾക്കും അനുബന്ധമായി ടൂറിസ്റ്റ് ആകർഷണത്തിനുവേണ്ടി ലെഷർ ക്ലബ്ബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. |
| (ബി) | ചിത്രാഞ്ജലിയെ, സിനിമയുടെ സമ്പൂർണ്ണ പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | (ബി) | നടപടികൾക്ക് തുടക്കമിട്ടിട്ടുണ്ട്. . |
| (സി) | ഇതിന്റെ നവീകരണത്തിനായി എത്ര ലക്ഷം രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചിട്ടുള്ളത്; | (സി) | നവീകരണത്തിനായി 265.36 ലക്ഷം രൂപയുടെ പദ്ധതിക്ക് രൂപം കൊടുത്തു വരുന്നു. |
| (ഡി) | ചിത്രാഞ്ജലിയിൽ മലയാള ചലച്ചിത്രവുമായി ബന്ധപ്പെട്ട മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (ഡി) | ഇപ്പോൾ ചിത്രാഞ്ജലയിൽ ഒരു ഫിലിം മ്യൂസിയം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |
| (ഇ) | ചിത്രാഞ്ജലിയിൽ ചിത്രീകരിക്കുന്ന സിനിമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് എന്നറിയിക്കുമോ? | (ഇ) | പൂർണ്ണമായും ചിത്രാഞ്ജലിയുടെ സൗകര്യങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന സിനിമകൾക്ക് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള സബ്സിഡി തുക അവസാന ബില്ലിൽ അഡ്ജസ്റ്റ് ചെയ്തു കൊടുക്കുന്നുണ്ട്. ചലച്ചിത്ര നിർമ്മാണത്തിന് പാക്കേജ് സ്കീം, ക്രെഡിറ്റ് കാർഡ് സ്കീം , ചിത്രാഞ്ജലി പ്ലസ് സ്കീം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 259

14.3.2008-ൽ മറുപടിയ്ക്ക്

## ജൈവ നെൽകൃഷി

ചോദ്യം

ശ്രീ. വി.എൻ.വാസവൻ
ശ്രീ. എം. ചന്ദ്രൻ
ശ്രീ. പി. കൃഷ്ണപ്രസാദ്
ശ്രീ.സി. കെ.സദാശിവൻ
ശ്രീ.മുരളി പെരുനെല്ലി

താ:

(എ) ജൈവ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

മറുപടി

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

(എ) ജൈവ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് 3200 ഹെക്ടർ സ്ഥലത്ത് ജൈവ നെല്ലിനങ്ങളും തനത് നെല്ലിനങ്ങളും കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ജൈവ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സെമിനാറുകളും ചർച്ചാ ക്ലാസുകളും സംഘടിപ്പിച്ചിട്ടുണ്ട്. പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ "ജൈവ കൃഷിയിലൂടെ സുസ്ഥിര നെല്ലുല്പാദനം " എന്ന പൈലറ്റ് പഠനം നടത്തിയിട്ടുണ്ട്. ജൈവകൃഷിയിലൂടെ മാത്രം നെല്ലുല്പാദനം നടത്തുന്ന പൊക്കാളി നെൽപ്പാടങ്ങളുടെ സമഗ്ര വികസനത്തിനായി പൊക്കാളി നെൽകൃഷി വികസന ഏജൻസി രൂപീകരിക്കുകയും ഇതിനായി നടപ്പു സാമ്പത്തിക വർഷം ...

— — — — —

ലക്ഷം രൂപ സംസ്ഥാന നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏജൻസിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വിത്ത് പ്രജനന പദ്ധതി നടപ്പാക്കുന്നതിന് ഹെക്ടറിന് 4000 രൂപ ധനസഹായം നൽകിക്കൊണ്ട് 2007 വിരിപ്പ് സീസണിൽ 20 ഹെക്ടറിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) ഇതിനായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഉണ്ട്. കേന്ദ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം 2007-08-ൽ ഒന്നാം ഘട്ടമായി ഹെക്ടറിന് 4000 രൂപാ നിരക്കിൽ 200 ഹെക്ടറിലും രണ്ടാം ഘട്ടമായി ഹെക്ടറിന് 1996.67 രൂപാ നിരക്കിൽ 300 ഹെക്ടറിലും പദ്ധതി നടപ്പിലാക്കുന്നതിന് 59.35 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. വിത്തുൽപ്പാദന പദ്ധതിക്കും ഹെക്ടറിന് 4000 രൂപാ നിരക്കിൽ കേന്ദ്ര സഹായം ലഭിക്കുന്നു.

(സി) ജൈവ നെൽകൃഷിക്കുള്ള സാങ്കേതികജ്ഞാനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ വഴി കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇതിന്റെ ഭാഗമായി തനത് നെൽവിത്തുകളുപയോഗിച്ചുള്ള കൃഷി വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ?

(ഡി) ജൈവ നെല്ലിനങ്ങൾക്കൊപ്പം തനത് വിത്തുപയോഗിച്ചിട്ടുള്ള കൃഷിക്ക് ജൈവനെൽകൃഷിയിൽ തുല്യ പ്രാധാന്യം നൽകുന്നുണ്ട്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 260 14..3..08 ൽ മറുപടിക്ക്.

## ഉന്നത വിദ്യാഭ്യാസ കൗൺസിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി ജലീൽ:<br>പ്രൊഫ. സി രവീന്ദ്രനാഥ്:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീമതി കെ.കെ.ശൈലജടീച്ചർ:<br>ശ്രീ.എം. പ്രകാശൻ മാസ്റ്റർ: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. ഉന്നത വിദ്യാഭ്യാസ നയരൂപീകരണം സംബന്ധിച്ച് സർക്കാരിനും സർവ്വകലാശാലകൾക്കും ഉപദേശം നൽകുക.<br>2. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.<br>3. ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ച് പഠിച്ച്, ചർച്ച ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുക.<br>4. ഉന്നത വിദ്യാഭ്യാസ രംഗത്ത് ചില പൊതുവായ സേവനങ്ങൾ ലഭ്യമാക്കുക. |
| (ബി) വിവിധ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കൗൺസിൽ നൽകുന്നുണ്ടോ. | (ബി) വിവിധ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ആവശ്യഘട്ടങ്ങളിൽ കൗൺസിൽ നൽകുന്നുണ്ട്. |

— — — — —

(സി) കൗൺസിൽ ഇപ്പോൾ ഏതെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കി വരുന്നത്;

(സി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ബിരുദതല വിദ്യാഭ്യാസത്തിന്റെ പുന സ്സംഘാടനം സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി വിശദമായി ചർച്ചകൾ നടത്തിയശേഷം ഇത് സംബന്ധിച്ച ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

2. കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി കോളേജ് ക്ലസ്റ്ററുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

3. കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ചും ലഭ്യമായ കോഴ്സുകളെ ക്കുറിച്ചും മറ്റുമുള്ള ഡാറ്റ ബാങ്ക് തയ്യാറാക്കി വരുന്നു. മൂന്നു ഘട്ടങ്ങളിലായി പൂർത്തീകരിക്കാനുദ്ദേശിക്കുന്ന ഈ സംരംഭത്തിന്റെ ആദ്യഘട്ടം പൂർത്തിയായി കഴിഞ്ഞു. ആദ്യഘട്ടത്തിൽ സമാഹരിച്ച വിവരങ്ങൾ കൗൺസിലിന്റെ വെബ്സൈറ്റിലും ലഭ്യമാക്കി യിട്ടുണ്ട്.

4. സംസ്ഥാന ഉന്നത വിദ്യാഭ്യാസ നയരൂപീകരണ വുമായി ബന്ധപ്പെട്ട കരട് റിപ്പോർട്ട് തയ്യാറാക്കി ചർച്ചകൾക്കായി സമർപ്പിച്ചു. (ഡോ. യു.ആർ. അനന്ത മൂർത്തി കമ്മിറ്റി റിപ്പോർട്ട്)

5. ബിരുദ തല വിദ്യാഭ്യാസ പുനസ്സംഘടന യെക്കുറിച്ചും ക്ലസ്റ്റർ സമ്പ്രദായത്തെക്കുറിച്ചും വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടി കോളേജ് തലത്തിൽ സെമിനാറുകൾ സംഘടി പ്പിച്ചു വരുന്നു.

(ഡി) വിവിധ കോളേജുകളിൽ ആരംഭിക്കേണ്ട കോഴ്സുകളെ സംബന്ധിച്ച് കൗൺസിൽ ശുപാർശ നൽകുന്നുണ്ടോ;

(ഡി) ഉണ്ട്. ഇതു സംബന്ധിച്ച് പൊതു സ്വഭാവമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കൗൺസിൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതിനു പുറമെ, പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി വിവിധ കോളേജുകളും ഏജൻസികളും സമർപ്പിക്കുന്ന അപേക്ഷകളിലും സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് കൗൺസിലിന്റെ അഭിപ്രായം അറിയിക്കാറുണ്ട്.

| | | | |
|---|---|---|---|
| (ഇ) | പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനായി 100 കോടി രൂപയുടെ ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കാനുള്ള ശുപാർശ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ഇ) | പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനായി 100 കോടി രൂപയുടെ ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കാനുള്ള നിർദ്ദേശം ഹയർ എഡ്യൂക്കേഷൻ കൗൺസിലിന് മുൻപിലുണ്ട്. ഇതിനാവശ്യമായ തുക സർക്കാരിൽ നിന്നും ഇതര ഏജൻസികളിൽ നിന്നും സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ട് 2007 ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കൗൺസിലിന് അധികാരം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

സാക്ഷ്യപ്പെടുത്തി.

## Guidelines for starting of new colleges/courses from 2008-09.

1) New colleges/courses may be started in the Government/Aided sector, depending on the financial resources of the Government. The emphasis should be on strengthening the public funded system, diversification of courses and ensuring maximum geographical distribution of colleges/courses within the state. Priority should be given to new professional colleges/new generation courses. Disciplines which have not been fully opened up may be preferred over others. Areas with low density of colleges may be given priority in starting new institutions.

2) Only aided courses should be sanctioned in Govt colleges and Aided Colleges. Courses which are proposed to be run in the self financing mode or on condition that there would be no additional financial commitment on the part of the Government, need not be recommended in Govt/Aided Colleges. The object should be to ensure the separate identity of public and private institutions, so that there would be no private appropriation of public assets. Public Private Partnership (PPP) mode in Government/Aided institutions through self-financing courses need not be permitted.

3) Unaided colleges /courses may be sanctioned selectively. NOC may be given for starting new unaided colleges preferably in areas where there are not adequate number of institutions of the same category.

4) In the unaided sector, preference may be given to institutions under Government control over others. Unaided Colleges/Unaided Courses in Unaided Colleges may be recommended, subject to the following conditions for ensuring adequate social control for the promotion of equity and excellence in higher education.

5) An undertaking in respect of the following from the Managements may be insisted on as condition precedent for granting NOC for new unaided colleges/courses:

Sheely P.
Section Officer.

(1) Colleges/Courses would be started only after providing adequate infrastructure, human and physical, as may be certified by the affiliating university.

(2) The procedure of admission would be as decided by the Government from time to time.

(3) Only fees determined by the Government from time to time would be collected from the students.

(4) Adequate number of scholarships on merit-cum means basis would be instituted as determined by the Government from time to time.

(5) The appointment and service conditions of teachers and non-teaching staff would be as determined by the Government from time to time.

(6) An appropriate governance structure that would ensure transparency, efficiency and social accountability would be instituted in the institutions as determined by the Government/ universities from time to time.

(7) Only courses approved by the affiliating university would be conducted in the institution.

(8) Details regarding the establishment and governance of the institution, admission, fees, courses, results, teaching and other staff, and any further information as required by the Government/ University would be published on the website of the institution.

(9) The affiliation granted would be temporary and there would be no claim for permanent affiliation.

(10) Adequate time should be given for academic preparation after granting NOC.NOC may be given by the Government three months ahead of the new academic year for starting new college/course in 2008-09. Colleges/ courses for which NOC is given afterwards may be permitted to start them only in 2009-10.

(11) NOC/Affiliation would be withdrawn by the Government/ universities on violation of the above conditions

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 261 14.3.2008-ൽ മറുപടിക്ക്

## സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പള്ളിപ്രം ബാലൻ:<br>ശ്രീ. രാജാജി മാത്യു തോമസ്:<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. കെ. രാജു: | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുവേണ്ടി ഏതെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;<br>ബി) ഇല്ലെങ്കിൽ ഇത്തരം ഒരു സമഗ്രപദ്ധതിക്ക് രൂപം കൊടുക്കുമോ; | (എ& ബി) സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം എൽ. പി./യു. പി. തലം വരെയുള്ള സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 12-ാം ധനകാര്യകമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2005-06 മുതൽ 2009-10 വരെ ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം നടപ്പാക്കുവാൻവേണ്ടി 100 കോടി രൂപ അനുവദിക്കുകയും 2007-08 ൽ 78 ഹയർ സെക്കണ്ടറി സ്കൂളുകൾ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി തെരഞ്ഞെടുക്കുകയും ഓരോ സ്കൂളിനും ലബോറട്ടറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുക ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടിയാണ്. |
| സി) സംസ്ഥാനത്ത് സർവ്വശിക്ഷാ അഭിയാൻ പ്രവർത്തനങ്ങൾ, അടിസ്ഥാന മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് വിശകലനം ചെയ്യപ്പെട്ടിട്ടുണ്ടോ; | സി) ഉണ്ട്. |

| | | | |
|---|---|---|---|
| ഡി) | എങ്കിൽ സർക്കാരിന്റെ വിലയിരുത്തൽ എന്താണ് എന്ന് വിശദമാക്കാമോ? | ഡി) | സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം തൃപ്തികരമായി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിട്ടുണ്ട്. 2002-03 മുതൽ 2006-07 വരെ 2866 ക്ലാസ് മുറികൾ, 5895 കുടിവെള്ളപദ്ധതികൾ, 9095 ടോയ്‌ലറ്റുകൾ, 315 കെട്ടിടമില്ലാത്ത സ്കൂളുകൾക്ക് കെട്ടിടം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 262

14.03.2008-ൽ മറുപടിയ്ക്ക്

ലക്ഷം യുവകർഷക തൊഴിൽദാന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കെ. ഷാജു | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| എ) ലക്ഷം യുവകർഷക തൊഴിൽദാന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ; | എ) കാർഷിക മേഖലയിലെ ഒരു ലക്ഷം യുവ ജനങ്ങൾക്കായി രൂപീകരിച്ച പ്രത്യേക തൊഴിൽദാന പദ്ധതിയെപ്പറ്റി പ്ലാനിംഗ് ബോർഡ് നൽകിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുകയാണ്. |
| ബി) ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള കാല താമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | ബി) പദ്ധതി സമഗ്രവും ധനപരമായി പ്രായോഗികവും അല്ലാതിരുന്നതുകൊണ്ടാണ് നടപ്പിലാക്കുവാൻ കാലതാമസം വന്നത്. |
| സി) ഈ പദ്ധതിയിൽ ചേർന്ന കർഷകരായ യുവജനങ്ങളുടെ കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) & (ഡി) പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശങ്ങൾ പരിശോധിച്ചു വരുകയാണ്. പരിശോധനയ്ക്കു ശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| ഡി) ഈ പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 263 14.3.06 ൽ മറുപടിക്ക്.

## പ്രവാസി സർവ്വകലാശാല

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാഴികാടൻ :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ.ജോസഫ്. എം. പുതുശ്ശേരി : | | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) | |
| (എ) | പ്രവാസി സർവ്വകലാശാല ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെ പ്രാരംഭ പ്രവർത്തനങ്ങളാണ് ഇതിനു വേണ്ടി ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പ്രവാസി സർവ്വകലാശാല കേരളത്തിൽ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കേരള സർക്കാർ കേന്ദ്ര പ്രവാസി കാര്യ മന്ത്രി ശ്രീ. വയലാർ രവിയ്ക്ക് കത്തയച്ചിരുന്നു. താല്പര്യമുള്ള ട്രസ്റ്റുകളിൽ നിന്നും സൊസൈറ്റികളിൽ നിന്നും പ്രവാസി കാര്യ മന്ത്രാലയം അപേക്ഷ ക്ഷണിച്ചതായി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വകലാശാല സംസ്ഥാനത്ത് സ്ഥാപിക്കുന്നത് കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പ്രവാസികളുടെ വിദ്യാഭ്യാസ പരവും മറ്റുമുള്ള ഉന്നമനത്തിന് സഹായകരമാകും. |
| (സി) | പ്രസ്തുത സർവ്വകലാശാലയ്ക്ക് വേണ്ടി കേന്ദ്രത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | (സി) | കടമ്മനിട്ട കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ചാരിറ്റബിൾ എഡ്യൂക്കേഷൻ വെൽഫയർ സൊസൈറ്റി എന്ന സ്ഥാപനത്തിന്റെ അപേക്ഷ കേന്ദ്ര പ്രവാസി കാര്യ വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്. |
| (ഡി) | ഇത് ആരംഭിക്കുന്നതിന് കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ഡി) | ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രത്യേക അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. |
| (ഇ) | പ്രവാസി സർവ്വകലാശാലക്കു വേണ്ടി എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; | (ഇ) & (എഫ്) | ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടു വരുന്നു. |
| (എഫ്) | ഇത് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.264 — 14.3.2008 ൽ മറുപടിയ്ക്ക്

## കൂമ്പുചീയൽ രോഗം

**ചോദ്യം**

ശ്രീ. ടി.എൻ.പ്രതാപൻ
ശ്രീ.എ.പി.അനിൽകുമാർ
പ്രൊഫ.കെ.വി.തോമസ്

**മറുപടി**

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) തെങ്ങിന്റെ കൂമ്പുചീയൽ രോഗം എവിടെയെല്ലാം വ്യാപിച്ചിട്ടുണ്ട്;

എ) കേരളത്തിന്റെ വടക്കൻ ജില്ലകളായ കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ കൂമ്പുചീയൽ രോഗം കണ്ടു വരുന്നു.

ബി) ഈ രോഗത്തിന് ഫലപ്രദമായ പ്രതിവിധി എന്തെന്ന് വ്യക്തമാക്കുമോ;

ബി) രോഗം രൂക്ഷമായ തെങ്ങുകളെ മുറിച്ചുമാറ്റുകയും രോഗം വന്ന ഭാഗങ്ങൾ കത്തിച്ചുകളയുകയും വേണം. രോഗം പ്രാരംഭഘട്ടത്തിലാണെങ്കിൽ തെങ്ങിന്റെ മണ്ടഭാഗം വൃത്തിയാക്കി, രോഗം വന്ന ഭാഗങ്ങൾ പൂർണ്ണമായും നീക്കിയശേഷം 10% വീര്യമുള്ള ബോർഡോ കുഴമ്പ് തേച്ച് ആ ഭാഗം പോളിത്തീൻ കവർ കൊണ്ട് പൊതിയേണ്ടതാണ്. ഇതു കൂടാതെ സംയോജിത വളപ്രയോഗവും രോഗനിയന്ത്രണത്തിന് അത്യന്താപേക്ഷിതമാണ്.

സി) ഇതിന്റെ പ്രതിവിധി കണ്ടെത്തുന്നതിന് എന്തെല്ലാം ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്;

സി) കൂമ്പു ചീയൽ രോഗത്തെപ്പറ്റി കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ധാരാളം ഗവേഷണം നടത്തിയിട്ടുണ്ട്. അതുപ്രകാരം രോഗത്തിനു കാരണമാകുന്നത് ''ഫൈറ്റോഫ്തോറ'' വർഗ്ഗത്തിലുള്ള ഒരു കുമിളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. രോഗകാരണമായ ജീവി, കാലാവസ്ഥാ ഘടകങ്ങളും രോഗബാധയും രോഗഹേതുവായ കുമിളിന്റെ ഉറവിടം സംയോജിത രോഗ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നീ വിഷയങ്ങളെ

അധികരിച്ചാണ് ഗവേഷണങ്ങൾ നടത്തിയിട്ടുള്ളത്. കുമിൾനാശിനി ഉപയോഗം, ജൈവകീടനിയന്ത്രണം, സംയോജിത വളപ്രയോഗവും പരിപാലനവും എന്നീ വിഷയങ്ങളുൾപ്പെടുത്തിക്കൊണ്ട് ഒരു ബൃഹത്തായ ഫീൽഡ് ട്രയൽ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്.

ഡി) ഈ രോഗം ബാധിച്ച് വെട്ടിക്കളയുന്ന തെങ്ങുകൾക്ക് നഷ്ടപരിഹാരമായി എത്രരൂപയാണ് നൽകുന്നത്;

ഡി) വെട്ടിമാറ്റുന്ന തെങ്ങൊന്നിന് പ്രത്യേക പദ്ധതിപ്രകാരം 500 രൂപയും, മറ്റു പദ്ധതികൾ പ്രകാരം 250 രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.

ഇ) ഇത് രണ്ടായിരത്തി അഞ്ഞൂറ് രൂപയായെങ്കിലും വർദ്ധിപ്പിക്കണമെന്ന് കർഷകർ ആവശ്യപ്പെട്ടിട്ടുണ്ടോ;

ഇ) ഇല്ല.

എഫ്) കുമ്പുചീയൽ രോഗമോ മറ്റേതെങ്കിലും രോഗമോമൂലം വെട്ടിക്കളയേണ്ടതായി വരുന്ന തെങ്ങുകൾക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കുമോ?

എഫ്) നഷ്ടപരിഹാരം വർദ്ധിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 265 | 14-3-2008 ൽ മറുപടിയ്ക്ക്

സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന സർക്കാർ എഞ്ചിനീയറിംഗ് അദ്ധ്യാപകർ.

ചോദ്യം | ഉത്തരം

ശ്രീ. വി.ഡി.സതീശൻ.

ശ്രീ. എം.എ. ബേബി
(പൊതു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രിൻസിപ്പൽ, പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; | (എ) | പ്രിൻസിപ്പാൾ - 1<br>പ്രൊഫസർ - 23<br>അസിസ്റ്റന്റ് പ്രൊഫസർ - 37<br>ലക്ചറർ - 69. |
| (ബി) | നിലവിൽ ഈ തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | അദ്ധ്യാപകരില്ലാത്തത് കാരണം എ.ഐ.സി.ടി.ഇ അംഗീകാരത്തിന് തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| *(ഡി) | സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിയിലേർപ്പെടുന്ന അദ്ധ്യാപകരെ മാതൃസ്ഥാപനത്തിലേക്ക് തിരിച്ചു വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കെ.എസ്.ആർ. XII A, XII C വകുപ്പുകൾ പ്രകാരമുള്ള അവധികൾ, ഡെപ്യൂട്ടേഷൻ എന്നിവ സർക്കാർ നിയന്ത്രിത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് അനുവദിക്കേണ്ടതില്ലെന്നും നേരത്തേ ലീവുകൾ അനുവദിച്ചിട്ടുള്ളവരുടെ കാര്യത്തിൽ തുടർ അനുവാദം നൽകുന്നത് പരിമിതപ്പെടുത്തിയും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.266 — 14.3.2008 ൽ മറുപടിയ്ക്ക്

## വെളിച്ചെണ്ണയുടെ പ്രാധാന്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സുധാകരൻ<br>ശ്രീ.എൻ.ശക്തൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) വെളിച്ചെണ്ണയുടെ ഉപയോഗത്തിന് നേരെ നടക്കുന്ന കുപ്രചരണങ്ങളെ പ്രതിരോധിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;<br><br>ബി) വെളിച്ചെണ്ണയുടെ ഗുണങ്ങളെപ്പറ്റി സാധാരണ ജനങ്ങളെ ബോധവൽക്കരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ)-യും (ബി)-യും)<br>വെളിച്ചെണ്ണയുടെ ഉപയോഗത്തിന് നേരെ നടക്കുന്ന കുപ്രചരണങ്ങളെ പ്രതിരോധിക്കുവാനും വെളിച്ചെണ്ണയുടെ ഉപയോഗം വ്യാപകമാക്കുന്നതിനും കൃഷി വകുപ്പിന്റെയും നാളികേര വികസന ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ 11.12.2007 ൽ എറണാകുളത്ത് വച്ച് ഒരു ബൃഹത്തായ റാലി സംഘടിപ്പിച്ചു. കൂടാതെ, വെളിച്ചെണ്ണയുടെ ഗുണഗണങ്ങളെക്കുറിച്ചും അതിന്റെ വിപണനത്തെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടി സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. വെളിച്ചെണ്ണയുടെ ഉപഭോഗവും വിപണനവും വർദ്ധിപ്പിക്കുന്നതിന് സഹായകരമായ വാർത്തകൾ പത്രമാദ്ധ്യമങ്ങളിൽ വരുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെയും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെയും സി.ഡി.ബി. യുടേയും പ്രസിദ്ധീകരണങ്ങളിലൂടെയും പരസ്യങ്ങളിലൂടെയും വെളിച്ചെണ്ണയുടെ ഉപയോഗത്തിന് പ്രചരണം നൽകി വരുന്നു. |
| സി) വെളിച്ചെണ്ണയുടെ പ്രാധാന്യം സ്കൂൾ പാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിക്കുവാൻ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുമോ? | സി) ഈ നിർദ്ദേശം സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് പരിശോധിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.267 — 14.3.2007 ൽ മറുപടിയ്ക്ക്

# സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.ജോർജ്ജ് എം.തോമസ്<br>ശ്രീ.സി.എം.ദിനേശ്മണി<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | എ) വെയർഹൗസുകളിൽ പുതിയ ബിസിനസ്സുകൾ കണ്ടെത്തിയും നഷ്ടപ്പെട്ട ബിസിനസ്സുകൾ തിരിച്ചുപിടിച്ച് പ്രവർത്തനങ്ങൾ വിപുലീകരിച്ചും അനാവശ്യ ചിലവുകൾ വെട്ടിക്കുറച്ചും വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഗോഡൗണുകളുടെ സംഭരണശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നുണ്ടോ; | ബി) 59 വെയർഹൗസുകളിലായി ആകെ 1.90 ലക്ഷം മെട്രിക്ടൺ (11.40 ലക്ഷം ച.അടി) ശാസ്ത്രീയ സംഭരണശേഷിയാണ് വെയർഹൗസിംഗ് കോർപ്പറേഷന് നിലവിലുള്ളത്. ഇതിൽ കാസർഗോഡ്, കൽപ്പറ്റ, മഞ്ചേരി, കരുനാഗപ്പള്ളി തുടങ്ങിയ ചില സ്ഥലങ്ങളിൽ ഇടപാടുകാരുടെ കുറവ് മൂലം പരിമിതമായ സ്ഥലം ഉപയോഗിക്കപ്പെടാതെ വരുന്നുണ്ട്. മറ്റിടങ്ങളിൽ സംഭരണശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നുണ്ട്. |

സി) കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം പുതിയ ഗോഡൗണുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു;

സി) ഉണ്ട്.
കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ നോർത്ത് പറവൂർ വെയർഹൗസിൽ 865 മെട്രിക് ടൺ സംഭരണശേഷിയുള്ള ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി കഴിഞ്ഞു. കൂടാതെ കേന്ദ്ര സർക്കാരിന്റെ 'രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം 11 ജില്ലകളിലായി 20,550 മെട്രിക് ടൺ സംഭരണശേഷിയുള്ള ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്റ്റുകളും തയ്യാറാക്കിയിട്ടുണ്ട്. വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ മൂന്ന് ആധുനിക റൈസ്മില്ലുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. ഇതിൽ ആലത്തൂർ റൈസ് മിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. വൈക്കം, തകഴി റൈസ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

കോഴിക്കോട്, തിരൂർ, വടകര എന്നീ സ്ഥലങ്ങളിലായി 2000 മെട്രിക് ടൺ വീതം സംഭരണശേഷിയുള്ള ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ സംഭരിക്കുന്നതിനായി വെയർഹൗസിംഗ് കോർപ്പറേഷന്റെ എത്ര ചതുരശ്ര അടി സ്ഥലം വാടകയ്ക്കെടുത്തിട്ടുണ്ട്; സിവിൽ സപ്ലൈസ് കോർപ്പറേഷന് വാടകയിനത്തിൽ എന്തെങ്കിലും സൗജന്യം അനുവദിച്ചിട്ടുണ്ടോ?

ഡി) ഉണ്ട്.

5 വെയർഹൗസുകളിലായി 23865 ച.അടി സംഭരണ സ്ഥലം സിവിൽ സപ്ലൈസ് കോർപ്പറേഷൻ റിസർവ്വ് ചെയ്ത് ഉപയോഗിച്ചുവരുന്നു. കൂടാതെ കഴിഞ്ഞ വിളവെടുപ്പിൽ നെല്ല് സംഭരണത്തിനായി ആലപ്പുഴ, പാലക്കാട്, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ വെയർഹൗസിംഗ് കോർപ്പറേഷന്റെ 1.73 ലക്ഷം ച.അടി സംഭരണ സ്ഥലം സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

സാധാരണ ഇടപാടുകാരിൽ നിന്ന് ഒരു ചതുരശ്ര അടിയ്ക്ക് 8.79 രൂപ നിരക്കിൽ സ്റ്റോറേജ് ചാർജ്ജ് വാങ്ങുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും അവർ സ്റ്റോക്ക് മാനേജ്മെന്റ് നടത്തുന്ന ഗോഡൗണുകളിൽ ചതുരശ്ര അടിയ്ക്ക് 5 രൂപ നിരക്കിലുള്ള ചാർജ്ജ് മാത്രമേ വാങ്ങുന്നുള്ളൂ. മറ്റിടങ്ങളിൽ നിലവിലുള്ള നിരക്കിൽ 15% റിബേറ്റ് അനുവദിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 268 — 14.3.2008 - ലെ മറുപടിക്ക്

## <u>പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള</u>
## <u>റസ്റ്റ് ഹൗസുകളും ടി.ബി കളും</u>

| ചോദ്യം | ഉത്തരം. |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീമതി കെ.കെ. ലതിക | ശ്രീ. മോൻസ് ജോസഫ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളും ടിബികളും നവീകരിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) റസ്റ്റ് ഹൗസുകളോട് ചേർന്ന് വളരെയധികം ഭൂമി തരിശായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) ഈ ഭൂമി ഫലപ്രദമായി വിനിയോഗിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ചുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ? | (സി) പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. തുടർ നടപടികൾ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 269 — 14/3/2008-ൽ മറുപടിക്ക്

**കേരള ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി നിയമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ.റഹീം<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീ. എം.എം.മോനായി<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) കേരള ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി നിയമം നടപ്പാക്കുന്നതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) കേരള ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് ജില്ലാ ഓഫീസുകൾ പ്രവർത്തിച്ച് വരുന്നു. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ ചുമതല കൊല്ലം ജില്ലാ ഓഫീസിനും എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലെ ചുമതല എറണാകുളം ജില്ലാ ഓഫീസിനും തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ചുമതല തൃശ്ശൂർ ജില്ലാ ഓഫീസിനും കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ചുമതല കോഴിക്കോട് ജില്ലാ ഓഫീസിനും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ചുമതല കണ്ണൂർ ജില്ലാ ഓഫീസിനും നല്കി ബോർഡ് പ്രവർത്തിച്ചു വരുന്നുണ്ട്. ചീഫ് |

| | | | |
|---|---|---|---|
| | | | ഓഫീസിലെ എക്സിക്യൂട്ടീവ് ഓഫീസർക്ക് (ആസ്ഥാനം) അധിക ചുമതല നൽകി തിരുവനന്തപുരം ജില്ലാ ഓഫീസിന്റെ പ്രവർത്തനവും നടത്തി വരുന്നുണ്ട്. ബോർഡിന്റെ ഓഫീസ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള ആദ്യഘട്ടനടപടികൾപൂർത്തിയായിട്ടുണ്ട്. |
| (ബി) | ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ക്ഷേമനിധിയിലേയ്ക്ക് ഇതിനകം എത്ര പേരെ ചേർത്തിട്ടുണ്ട്; | (സി) | നാളിതുവരെ 56,981 പേരെ പദ്ധതിയിൽ അംഗങ്ങളായി ചേർത്തിട്ടുണ്ട്. |
| (ഡി) | അതിന്റെ പ്രവർത്തനത്തിനായി എല്ലാ ജില്ലകളിലും ക്ഷേമനിധി കേന്ദ്രങ്ങൾ ആരംഭിക്കുമോ; | (ഡി) | ക്ഷേമനിധിയുടെ പ്രവർത്തനം പുരോഗമിക്കുന്ന മുറയ്ക്ക് എല്ലാ ജില്ലകളിലും ഓഫീസ് ആരംഭിക്കുന്നതാണ്. |
| (ഇ) | ക്ഷേമനിധിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുമോ? | (ഇ) | 2008 മാർച്ച് മാസത്തോടെ രണ്ട് ലക്ഷം പേരെ പദ്ധതിയിൽ അംഗങ്ങളാക്കാൻ ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നു. പ്രവർത്തന പുരോഗതി മന്ത്രിതലത്തിൽ റിവ്യൂ ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 270* 14.3.2008 ൽ മറുപടിക്ക്

## എക്സ്പ്രസ് ഹൈവേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. ശക്തൻ :<br>ശ്രീ. കെ.സി. വേണുഗോപാൽ<br>ശ്രീ. ജോർജ് മേഴ്സിയർ | ശ്രീ.മോൻസ് ജോസഫ്<br>(ബഹു: മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ എക്സ്പ്രസ് ഹൈവേ നിർമ്മിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ; | (എ) മുതൽ (സി) വരെ എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തു; | |
| (സി) അതിനുള്ള തുക കണ്ടെത്തുന്നതിനായി ലോകബാങ്കുമായും ധനമന്ത്രാലയവുമായും ചർച്ച നടത്തിയോ; എങ്കിൽ വിശദാംശം നൽകുമോ ? | |

സെക്ഷൻ ഓഫീസർ